NERVEEDHI

Volume -12, Issue - 11, 10th November 2023, Monthly, Price ₹ 25, Published at Kottayam

വാല്യം–12, ലക്കം–11, നവംബർ 2023 – പ്രതിമാസം – വില ₹ 25 – പ്രസിദ്ധീകരണം : കോട്ടയം


# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



## ഇരകളെ ജയാളികളാക്കുന്ന ക്രൂശ്...!

പേജ് 19

**I asked Jesus "How much do you love me?" "This much," He answered. Then He stretched out His arms and died.**

Editorial

# സംയമനം അനിവാര്യം...!

പ്രശ്ന കലുഷിതമായ, കലങ്ങിമറിയുന്ന ഒരു ഭീകര സാഹചര്യത്തിലൂടെയാണ് ഇന്ന് മുഴുലോകവും ആശങ്കയോടെ മുന്നോട്ടു നീങ്ങുന്നത്. അടുത്തനിമിഷം എന്ത് സംഭവിക്കും എന്ന ഉൽക്കണ്ഠ നല്ല പങ്കാളുകളുകളെയും ഗ്രസിച്ചിരിക്കുന്നു. വ്യക്തികളും സംഘടനകളും രാഷ്ട്രങ്ങളും മതങ്ങളും നേതാക്കളും തമ്മിൽ തമ്മിൽ വെറുപ്പിലേക്കു നീങ്ങുന്നത് ആശങ്കാജനകമാണ്. വ്യക്തികലഹങ്ങളിലേക്കും കോടതിവ്യവഹാരങ്ങളിലേക്കും ആഭ്യന്തര കലഹത്തിലേക്കും രാജ്യാന്തര യുദ്ധങ്ങളിലേക്കും മനുഷ്യരെ നയിക്കുന്നത് തെറ്റിദ്ധാരണ നിമിത്തം ഉളവാകുന്ന അനൈക്യവും, മറ്റുള്ളവർ ഭീഷണി ആയേക്കുമെന്നുള്ള ഭയവും, അന്യന്റെ ഉയർച്ചയിലുള്ള അസൂയയും, അതുളവാക്കുന്ന പകയും, വിദ്വേഷവും, കോപവും, പ്രതികാരചിന്തയും ഇങ്ങനെ കാരണങ്ങൾ അനവധിയാണ്.

രാഷ്ട്രീയ, ആത്മിക, സാമൂഹിക, കായിക ഇങ്ങനെ സമസ്ത മേഖലയിലും ചേരിപ്പോരുകളും വെല്ലുവിളികളും മത്സരമനോഭാവങ്ങളും അരങ്ങു തകർക്കുന്നു. തൽഫലമായി ഭിന്നത, വാഗ്വാദം, അടിപിടി, കലഹം എന്നിവ വളർന്നു പടർന്നു പന്തലിച്ചു മനുഷ്യന്റെ സ്വസ്ഥത തകർത്തെറിയുകയാണ്. തദ്വാരാ നിരപരാധികൾ അവർണ്ണനീയമാം വിധം നാടും വീടും വിട്ടു അഭയാർഥികളായി പലായനം ചെയ്യേണ്ടി വരുന്നത് എത്രയോ ശോചനീയമാണ്. രാത്രിയിലെ തണുപ്പിലും പകലിലെ കൊടും ചൂടിലും വസ്ത്രമോ ഭക്ഷണമോ പാർപ്പിടമോ ഇല്ലാതെ പിഞ്ചു പൈതങ്ങൾ പോലും അനുഭവിക്കേണ്ടി വരുന്ന വ്യഥകൾ വർണ്ണനാതീതമല്ലേ?

പരിസ്ഥിതിപഠനങ്ങളെ അവഗണിച്ചുകൊണ്ട്, ആർത്തിമൂത്ത മനുഷ്യർ മന:പ്പൂർവ്വം കെട്ടിപ്പൊക്കുന്ന, വിവിധ ഓമനപ്പേരുകളിലറിയപ്പെടുന്ന സൗധങ്ങൾ, ഡാമുകൾ, എന്നിവ കാലാന്തരത്തിൽ മനുഷ്യർ തമ്മിൽ ചേരിപ്പോരിനും തർക്കങ്ങൾക്കും കാരണമാകുന്നു. മനുഷ്യനിർമ്മിത പ്രകൃതി ദുരന്തങ്ങൾ ഡെമോക്ലിസിന്റെ വാളുപോലെ തലയ്ക്കു മുകളിൽ തൂങ്ങിയാടുന്നു. ഇതൊക്കെയും മനുഷ്യരെ വെറുപ്പിലേക്കും വിദ്വേഷത്തിലേക്കും നശീകരണ മനോഭാവത്തിലേക്കും കൊണ്ടെത്തിക്കുന്നു.

മേലുദ്ധരിച്ച വിഷയങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ ലക്കത്തിലെ സന്ദേശം. വചനാനുസൃതമുള്ള പരിഹാരമാർഗ്ഗവും സന്ദേശത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ദൈവസ്നേഹത്തിലും ദീർഘക്ഷമയിലും അന്യോന്യം സംസാരിച്ച്, വെറുപ്പിനെയും വിദ്വേഷത്തെയും അതിജീവിച്ച്, പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതാണ്. വെറുപ്പിന്റെ സ്ഥാനത്തു അപരന്റെ മനോഭാവം മനസിലാക്കി ആത്മസംയമനത്തിലൂടെ കാര്യങ്ങൾ ശമിപ്പിക്കേണ്ടതാണ്.

മറ്റുള്ളവരെ മനസിലാക്കുവാൻ മന:പ്പൂർവ്വം ഉദ്യമിച്ചുകൊണ്ട്, കരുതലും സ്നേഹവും അവർക്കു നൽകി, ജീവിതം സന്തോഷപൂരിതവും സംതൃപ്തവും ആക്കുവാൻ സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിച്ചും ഉത്ബോധിപ്പിച്ചും കൊണ്ട് നവംബർ ലക്കം മാസിക മാന്യവായനക്കാർക്കായി സമർപ്പിക്കുന്നു.

പുസ്തകം 12 ലക്കം 11
നവംബർ 2023

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos

**വിദ്വേഷം വിനാശത്തിന്റെ വിത്ത്** 4
ജോയ് എം. തോമസ്

**സത്യസന്ധമായ ആത്മഭാരം** 7
സാജു മാത്യു

**വിശ്വാസവഴിയിലൂടെ വിശുദ്ധിയിലേക്ക്** 9
ജോർജ് മാത്യു, പുതുപ്പള്ളി

**യേശു തേജസിന്റെ പ്രഭ** 11
ചെയ്സ് ജോസഫ്

**വിശുദ്ധിയുടെ ശക്തിയില്ലാത്ത ദൈവഭക്തി** 13
ഡേവിഡ് വിൽക്കേഴ്സൺ

**കൗൺസലിംഗ് വീഥി** 16
അനു ഗ്രേസ് ചാക്കോ

**എന്റെ ഭാവിയെല്ലാം...** 18

**ഇരകളെ ജയാളികളാക്കുന്ന ക്രൂശ്...!** 19
റോയ് മാർക്കര

**വനിതാ വീഥി** 22

**വേദ അധ്യയനം** 25
ജോയ് എം. തോമസ്

**വാർത്താ വീഥി** 30

**സമാപ്തിക്കുറിപ്പ്** 31
എംസി



ജോയ് എം. തോമസ്

# വിദ്വേഷം വിനാശത്തിന്റെ വിത്ത്

മണ്ണിനായി മല്ലടിച്ചു മരിച്ച് മണ്ണിൽത്തന്നെ മറയുന്ന മനുഷ്യന്റെ കഥയല്ലേ മനുഷ്യചരിത്രം. സ്വസ്നേഹിയായിത്തീർന്ന മനുഷ്യൻ വമ്പു പറയുന്നവനും അപരനെ പരിഗണിക്കുവാനുള്ള വിവേകം ഇല്ലാത്തവനുമായി വിനാശത്തിന്റെ വക്താക്കളായിത്തീർന്നിരിക്കുന്നു. ഉള്ളിൽ വളരുന്ന വിദ്വേഷം കയ്പ്പും ക്രമേണ പ്രതികാരവുമായി പരിണമിക്കുന്നതിന്റെ ഫലമായി ക്രൂരന്മാരായിത്തീരുന്നവർ, കൊല ചെയ്യുന്നതിലും അന്യരെ നശിപ്പിച്ച് ഇല്ലായ്മ ചെയ്യുന്നതിലും സംതൃപ്തി കണ്ടെത്തുന്ന കാഴ്ചകളാണ് നമുക്ക് ചുറ്റും ഇന്നുള്ളത്.

ആദ്യ കൊലപാതകനായ കയീനോട് ദൈവം ചോദിച്ചു: 'നിന്റെ അനുജനായ ഹാബേൽ എവിടെ?'' 'ഞാൻ അറിയുന്നില്ല: ഞാൻ എന്റെ അനുജന്റെ കാവൽക്കാരനോ?"(ഉല്പത്തി 4:9) എന്ന് ദൈവത്തോട് മറുചോദ്യം ചോദിക്കുകയാണ് ഉണ്ടായത്. കയീന്റെയും ഹാബേലിന്റെയും കഥ ഏത് കൊച്ചുകുട്ടിക്കും അറിയാം. ദൈവത്തിന് യാഗം അർപ്പിച്ച വിഷയത്തിലാണ് അവർക്കിടയിൽ പ്രശ്നം തലപൊക്കിയത്. കയീന്റെ യാഗത്തിൽ ദൈവം പ്രസാദിച്ചില്ല എന്നതിനേക്കാൾ ഹാബേലിന്റെ യാഗത്തിൽ ദൈവം പ്രസാദിച്ചു എന്നത് കയീനെ പ്രകോപിപ്പിച്ചു. അസൂയയുടെയും മത്സരത്തിന്റെയും ബീഭത്സമായ രൂപമാണ് കയീനിൽ കാണുന്നത്. പാപത്തിന്റെ വികൃതരൂപം!

ദൈവം കയീനോട് എത്രയോ ദയയോടു കൂടി, വാത്സല്യത്തോടെ കൂടി സംസാരിച്ചു. 'യഹോവ കയീനോട്, നീ കോപിക്കുന്നത് എന്തിന്? നിന്റെ മുഖം വാടുന്നതും എന്ത്? നീ നന്മ ചെയ്യുന്നു എങ്കിൽ പ്രസാദം ഉണ്ടാവുകയില്ലയോ? നീ നന്മ ചെയ്യുന്നില്ലെങ്കിലോ പാപം വാതിൽക്കൽ കിടക്കുന്നു. അതിന്റെ ആഗ്രഹം നിങ്കലേക്ക് ആകുന്നു. നീയോ അതിനെ കീഴടക്കേണം എന്നു കൽപ്പിച്ചു' (ഉല്പത്തി 4:6,7). ഈ ബുദ്ധിയുപദേശമോ മുന്നറിയിപ്പോ ഒന്നും കയീൻ സ്വീകരിച്ചില്ല. അവന്റെ ഹൃദയം വിദ്വേഷം, കൈപ്പ്, പ്രതികാരചിന്ത എന്നിവയാൽ നിറഞ്ഞിരുന്നു. അതു വഴി അവന്റെ ഹൃദയം പിശാചിനായി അവൻ തുറന്നു കൊടുക്കുകയായിരുന്നു.

വിദ്വേഷം വിനാശത്തിന്റെ വിത്താണ്. അതിനെ ഗൗരവമായി കാണണം. ഏത് കാരണത്താലും ആരോടും ഉണ്ടാകുന്ന വിദ്വേഷത്തെയും വെറുപ്പിനെയും നാം നമ്മുടെ ഹൃദയത്തിൽ നിന്ന് നിർമ്മൂലമാക്കണം. ഹൃദയത്തെ സകല ജാഗ്രതയോടെയും നാം കാത്തുസൂക്ഷിക്കണം. ദൈവം നമ്മിൽ വസിക്കട്ടെ. അവിടുത്തെ സ്നേഹത്താൽ നമ്മുടെ ഹൃദയം നിറഞ്ഞുകവിയട്ടെ. അപ്പോൾ ഹൃദയം നിർമ്മലവും നിഷ്ക്കളങ്കവും ആയിരിക്കും.

ലോകസമാധാനത്തിന് വലിയ ആഘാതം ഏൽപ്പിക്കുന്ന ഭീകര ആക്രമണങ്ങളും യുദ്ധങ്ങളും എല്ലാം ശത്രുതയിൽ നിന്നും ഉടലെടുക്കുന്നതാണല്ലോ. ഉള്ളിൽ പുകയുന്ന പകയുടെ ഉരുൾപൊട്ടലുകളാണ് ഇവയെല്ലാം. ജാതിയും മതവും ഭാഷയും വർണ്ണവും മണ്ണിന്റെ മേലുള്ള അവകാശവാദങ്ങളും എല്ലാം തമ്മിൽ തമ്മിലുള്ള മത്സരത്തിനും ശത്രുതയ്ക്കും കാരണമായി മാറുന്നു. പോർവിളികൾക്ക് ആക്കം വർദ്ധിക്കുമ്പോൾ മനുഷ്യജീവന് വില ഇല്ലാതെയാകുന്നു. മനുഷ്യന്റെ ക്രൂരത വിജയിക്കുമ്പോൾ മനുഷ്യത്വം കൊല ചെയ്യപ്പെടുന്നു. മാനവികത മരവിച്ച് പരാജയമടയുന്നു. പിശാച് മനുഷ്യനെ പന്താടുകയാണ് എന്ന സത്യം ആരെങ്കിലും ഗ്രഹിക്കുന്നുണ്ടോ?

ഭൂമിയുടെ ഉപ്പും ലോകത്തിന്റെ വെളിച്ചവുമായി കർമ്മനിരതരായിരിക്കുവാൻ നിയമിക്കപ്പെട്ടിരിക്കുന്ന ദൈവമക്കൾ ലോകസമാധാനത്തിനായി പ്രാർത്ഥിക്കുവാൻ നിയോഗിതരാണ്. എല്ലാ വിനാശപ്രവർത്തനങ്ങളെയും പിന്തുണച്ച് പ്രോത്സാഹിപ്പിച്ച് ഇതിന്റെ പിമ്പിൽ നിന്ന് പ്രവർത്തിക്കുന്ന പിശാചിനും അവന്റെ ദൂതന്മാരായ ദുഷ്ടാത്മാക്കൾക്കും എതിരെ പൊരുതേണ്ടത് ദൈവത്തിന്റെ ജനമാണ്. അവരിൽ നിന്നും ആത്മാർത്ഥതയോടെ ഉയരുന്ന പക്ഷവാദ പ്രാർത്ഥനയാണ് പിശാചിന്റെ പ്രവർത്തനങ്ങൾക്ക് തടയിടുന്നത്. എല്ലാവരും ആദാമ്യസന്തതികളും ദൈവസൃഷ്ടികളുംആകയാൽ ദൈവസ്നേഹത്തിൽ അവരെ ഒന്നായി കണ്ടുകൊണ്ട് സമാധാനത്തിനായി പ്രാർത്ഥിക്കണം.

'എന്നാൽ സകലമനുഷ്യർക്കും നാം സർവഭക്തിയോടും ഘനത്തോടുംകൂടെ സാവധാനതയും സ്വസ്ഥതയുമുള്ള ജീവനം കഴിക്കേണ്ടതിനു വിശേഷാൽ രാജാക്കന്മാർക്കും സകല അധികാരസ്ഥന്മാർക്കും വേണ്ടി യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യേണം എന്നു ഞാൻ സകലത്തിനും മുമ്പേ പ്രബോധിപ്പിക്കുന്നു. അതു നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ സന്നിധിയിൽ നല്ലതും പ്രസാദകരവും ആകുന്നു. അവൻ സകല മനുഷ്യരും രക്ഷ പ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു' (1 തിമൊഥെയോസ് 2:14). ഈ പ്രബോധനം നമ്മോടാണല്ലോ. ശാന്തതയും സമാധാന പൂർണ്ണവുമായി ജീവിതം നയിക്കുവാൻ പക്ഷവാദപ്രാർത്ഥനയുടെ പിൻബലം ആവശ്യമാണ്. രക്ഷിക്കപ്പെടണം എന്ന സത്യം, എല്ലാവരും അറിയണമെന്നും നമ്മുടെ പിതാവായ സ്വർഗ്ഗസ്ഥദൈവം ആഗ്രഹിക്കുന്നു. ആത്യന്തികമായി എല്ലാവരും രക്ഷകനെ അറിയണം. ക്രിസ്തു എല്ലാവരുടെയും അവകാശമാണ്. അതിനാൽ മുൻവിധികളോ പക്ഷാഭേദ ചിന്തകളോ കൂടാതെ എല്ലാ ജാതിക്കാർക്കും ദേശക്കാർക്കും വേണ്ടി പ്രാർത്ഥിക്കുവാൻ ദൈവസഭ കടപ്പെട്ടിരിക്കുന്നു.

ഒരു ശരീരം എന്നപോലെ ജീവസ്ഥാപനമായി പ്രവർത്തിച്ച് പിശാചിന്റെ പ്രവർത്തനങ്ങളെ പ്രതിരോധിക്കേണ്ട സഭ ദുർബലപ്പെടുവാൻ എന്താണ് കാരണം? അസൂയയുടെയും വിദ്വേഷത്തിന്റെയും വിത്തുവിതയ്ക്കാൻ നമുക്കിടയിൽ പിശാചിന് അവസരം ലഭിക്കുന്നതല്ലേ അതിന് കാരണം? ക്രിസ്തുവിൽ പുതിയ സൃഷ്ടിയായി തീർന്നിരിക്കുന്ന നമ്മുടെ ആത്മീയ വളർച്ച, 'അന്യോന്യം സ്നേഹിക്കുക' എന്ന കർത്താവിന്റെ കൽപ്പന അനുസരിക്കുന്നതിൽ അധിഷ്ഠിതമായിരിക്കുന്നു. വളരുന്നില്ല എങ്കിൽ നാം അശക്തർ ആയിരിക്കും. അന്യോന്യം സ്നേഹിക്കുമ്പോൾ ക്ഷമിക്കുവാനും സഹിക്കുവാനും കഴിയുന്നു. സ്നേഹത്തിന്റെ ശക്തി ക്ഷമയിലാണ്. സ്നേഹത്തിന്റെ അഭിലാഷം മറ്റുള്ളവരുടെ വളർച്ചയും സമാധാനവും ആണ്.

എബ്രായ ലേഖനത്തിലെ പ്രബോധനം നമ്മെ സംബന്ധിച്ച് ഇന്ന് വളരെ പ്രസക്തമാണ്. എല്ലാവരോടും സമാധാനം ആചരിച്ചു ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല. ആരും ദൈവകൃപ വിട്ടു പിന്മാറുകയും വല്ല കയ്പുള്ള വേരും മുളച്ചു കലക്കമുണ്ടാക്കി അനേകർ അതിനാൽ മലിനപ്പെടുകയും ആരും ദുർന്നടപ്പുകാരനോ, ഒരു ഊണിനു ജ്യേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിനെപ്പോലെ അഭക്തനോ ആയിത്തീരുകയും ചെയ്യാതിരിപ്പാൻ കരുതിക്കൊൾവിൻ (എബ്രായർ 12:14–16). നമ്മുടെ ആരുടെയും ഉള്ളിൽ കൈപ്പുള്ള വേരുകൾക്ക് ഇടം ഉണ്ടാകാതിരിക്കട്ടെ. മറ്റുള്ള വരോടുള്ള കൈപ്പ് നാം ആരോടെങ്കിലും പങ്കുവയ്ക്കുന്ന പക്ഷം അവരും മലിനപ്പെടുവാൻ ഇടയാകും. അതുകൊണ്ട് എല്ലാവരോടും സമാ ധാനം ആചരിച്ച് ശുദ്ധീകരണം പ്രാപിക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ ഉപദേശിക്കുന്നു. പിന്മാറ്റം ആർക്ക് സംഭവിച്ചാലും ഏശാവിന്റെ ദൃഷ്ടാന്ത

മാണ് പരിശുദ്ധാത്മാവ് അവരെ ഓർമ്മിപ്പിക്കുന്നത്.

വിദ്വേഷം കൊണ്ടെത്തിക്കുന്നത് കൊലപാതകത്തിൽ ആണ്. ആക്ഷരിക കൊലപാതകം അല്ല സഭയ്ക്കുള്ളിൽ നടക്കുന്നത്. ആത്മീയ അർത്ഥത്തിലാണ് എന്ന് മാത്രം. എന്നാൽ ഇത് ഏറ്റവും ഗൗരവമായ വിഷയമാണ് എന്ന് നാം തിരിച്ചറിയണം. അപ്പോസ്തലനായ യോഹന്നാൻ നമുക്ക് അപകട മുന്നറിയിപ്പ് നൽകുന്നു.

സഹോദരനെ പകയ്ക്കുന്നവൻ എല്ലാം കൊലപാതകൻ ആകുന്നു. യാതൊരു കൊലപാതകനും നിത്യജീവൻ ഉള്ളിൽ വസിച്ചിരിപ്പില്ല എന്നു നിങ്ങൾ അറിയുന്നു (1 യോഹന്നാൻ 3:15). പക ഇല്ലാതാക്കുന്നത് നിത്യജീവനെയാണ്. സഹോദരനെ പകയ്ക്കുമ്പോൾ ആ വ്യക്തിയെ കൊല ചെയ്യുന്നതിന് തുല്യമാണ്. എത്ര വലിയ കുറ്റമാണ് ഇതെന്നും ചിന്തിക്കുക.

വിദ്വേഷത്തിൽ അഥവാ പകയിൽ നിന്ന് ഉളവാകുന്ന വാക്കുകളും പ്രവർത്തികളും പെരുമാറ്റങ്ങളും എല്ലാം ദോഷഫലം മാത്രം ഉളവാക്കുന്നതാണ്. ബന്ധങ്ങൾ തകരുന്നു, സമാധാനം ഇല്ലാതാകുന്നു, സുരക്ഷാബോധം നഷ്ടപ്പെടുന്നു! വാസ്തവത്തിൽ മരണം ആണ് അവിടെ വ്യാപരിക്കുന്നത്. എന്നാൽ സ്നേഹത്തിൽ വ്യാപരിക്കുന്നത് ജീവനാണ്. അന്യോന്യം സ്നേഹിക്കുമ്പോൾ ജീവിതം സുരക്ഷിതവും ആനന്ദകരവും ആവുകയാണ്. പക്ഷേ, പക നിറയുന്ന ഹൃദയത്തിന് ഇത് ഉൾക്കൊള്ളുവാൻ കഴിയുന്നില്ല. ദൈവം നേരിൽ സംസാരിച്ചിട്ട് മനസ്സിലാകാത്ത കയീനെപ്പോലെ ഇന്നും അനേകർ പിശാചിന്റെ കയ്യിൽ അവരുടെ ജീവിതത്തെ വിട്ടുകൊടുക്കുന്നു. വചനം അറിയാത്തതു കൊണ്ടല്ല, അറിഞ്ഞിട്ടും അറിയാത്തവരായി, ഒരിക്കൽ ആത്മീയതയിൽ മുമ്പിൽ നിന്നവരും അധ:പ്പതിച്ചു കൊണ്ടിരിക്കുന്നു.

നമുക്ക്, നമ്മെത്തന്നെ ശോധന ചെയ്ത് ഉണരുവാൻ ദൈവം സഹായിക്കട്ടെ. കർത്താവിന്റെ വരവ് ഏറ്റവും സമീപമായിരിക്കുന്നു എന്ന് മറക്കാതിരിക്കാം.

യുദ്ധങ്ങളുടെ ആഘാതം ഏറ്റുവാങ്ങുന്ന ഈ കാലഘട്ടം ലോകാവസാനത്തിനായി ഒരുങ്ങുകയാണോ എന്ന് ആർ അറിയുന്നു? ലോകസമാധാനത്തിനായി പ്രാർത്ഥിച്ചും അന്യോന്യം സ്നേഹിക്കുന്നതിൽ മുന്നിട്ടു കൊണ്ടും നമുക്ക് ഉണർന്നു പ്രവർത്തിക്കാം. കർത്താവിന്റെ മേഘപ്രത്യക്ഷതയ്ക്കായി ഒരുങ്ങിയിരിക്കാം. ആമേൻ! •

## വിദ്വേഷത്തെ ജയിക്കുവാൻ...

*വ്യക്തിവിദ്വേഷം ശക്തമായ ഒരു നശീകരണവികാരമാണ്. ഈ വികാരം ആരുടെയും ആത്മാവിനെ മലിനമാക്കാനും വിഷലിപ്തമാക്കാനും എല്ലാ വ്യക്തിബന്ധങ്ങളിലേക്കും അരിച്ചിറങ്ങുവാനും ശേഷിയുള്ളതാണ്. വിദ്വേഷത്തിന്റെ കരാളഹസ്തങ്ങളിൽ അകപ്പെട്ടിരിക്കുന്നു എന്ന് തിരിച്ചറിഞ്ഞവർ മാത്രം അത് വളരെ വിനാശകരമാണെന്നു മനസിലാക്കിയവരാണ്. അവർക്കു മാത്രമേ ഇതിനെ ജയിക്കുവാനും കഴിയൂ. നമ്മുടെ ജീവിതത്തിൽ വിദ്വേഷത്തിന് സ്ഥാനമുണ്ടോ? തന്നോട് തന്നെയോ മറ്റാരോടെങ്കിലുമോ വെറുപ്പ് തോന്നുന്നുണ്ടോ? ഉണ്ടെങ്കിൽ ഈ നിഷേധാത്മക വികാരം കൂടുതൽ അപകടകരമാകുംമുമ്പ് അത് പരിഹരിക്കുക. വെറുപ്പ് അതിരു കടക്കുമ്പോൾ അത് മനസിനെ കളങ്കപ്പെടുത്തുകയും ഓരോ ദിവസത്തെയും സമാധാനരഹിതമാക്കുകയും ചെയ്യും. വിദ്വേഷം മുറുകെ പിടിക്കുന്നത് മറ്റൊരാളുടെ നേരെ എറിയുവാൻ തീക്കനൽ കയ്യിലെടുക്കുന്നതിനു തുല്യമാണ്. എറിയുന്നവർക്കു തന്നെ ആയിരിക്കും പൊള്ളലേൽക്കുക. വെറുപ്പിനുള്ള മറുമരുന്ന് തീർച്ചയായും നമ്മുടെ കൈവശമുണ്ട്. ദൈവസ്നേഹം നമ്മിൽ വർധിച്ചു വരുവാൻ തിരുവചനം നൽകുന്ന ഒറ്റമൂലിയാണ് 1 കൊരിന്ത്യർ 13. ഈ അധ്യായം ദിവസവും പലതവണ ധ്യാനിക്കുന്നത് ദൈവസ്നേഹം ഉളവാകുന്നതിനും വിദ്വേഷത്തെ അതിജീവിക്കുന്നതിനും ഉതകും.*



സാജു മാത്യു

# സത്യസന്ധമായ ആത്മഭാരം...!

*"അവൻ നമ്മെ നാം ചെയ്ത നീതിപ്രവൃത്തികളാലല്ല തന്റെ മഹാകരുണ പ്രകാരമത്രെ രക്ഷിച്ചത്" (തീത്തോസ് 3:5)*

**മു**ക്കുവപ്പെണ്ണിനെ മഹാരാജാവ് പട്ടമഹിഷിയാക്കിയ കഥ കേട്ടിട്ടില്ലേ? ഒരു ദിവസം രാജകുമാരൻ തെരുവിലൂടെ രഥമേറിപ്പോകു മ്പോൾ തെരുവോരത്ത് മീൻചന്തയിൽ മീൻ വിറ്റി രുന്ന പെൺകുട്ടികളിൽ ഒരു സുന്ദരിയെ കണ്ടു. രാജാവ് അവളോട് വിവാഹാഭ്യർഥന നടത്തി. പകച്ചുപോയ മത്സ്യഗന്ധിക്ക് ഒന്നും സംസാരി ക്കുവാൻ പോലും കഴിഞ്ഞില്ല. ആനന്ദത്തോ ടെയും ഉത്സാഹത്തോടെയും അവൾ മത്സ്യത്തെ രുവിൽ നിന്നു രാജകൊട്ടാരത്തിന്റെ പടികയറി! മഹാരാജാവ് നാടുനീങ്ങിയപ്പോൾ യുവരാജാവ് മഹാരാജാവായി. മത്സ്യഗന്ധിയായിരുന്ന പഴയ മുക്കുവപ്പെണ്ണ് ഇപ്പോൾ പട്ടമഹിഷിയായി.

രാഞ്ജിയായ മഹാറാണിയുടെ ബന്ധുക്കളെയും ചാർച്ചക്കാരെയും പുനരുദ്ധരിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരണമെന്ന് രാജാവിന് താൽപര്യമുദിച്ചു: "പ്രിയപ്പെട്ടവളെ, നിന്റെ പഴയഗ്രാമത്തിലേക്കും തെരുവുകളിലേക്കും ഇറങ്ങിച്ചെല്ലുക; നിന്റെ ബന്ധുക്കളെയും ചാർച്ചക്കാരെയും സമാശ്വസിപ്പിക്കുക... അവരുടെ ഉദ്ധാരണത്തിന്റെ ചുമതല നാം നിന്നെ ഭരമേൽപ്പിക്കുന്നു", മഹാരാജാവ് റാണിയോടു പറഞ്ഞു.

മത്സ്യഗന്ധിയായിരുന്ന മഹാറാണി തന്റെ മഹാഭാഗ്യത്തിൽ അഹങ്കരിക്കുകയും സുഖലോലുപതയിൽ രസിക്കുകയും ചെയ്ത് കൊട്ടാരത്തിൽ കഴിയുമ്പോഴാണ് മഹാരാജാവിനു "തന്റെ വംശത്തോടുള്ള സഹാനുഭൂതി!". അനുസരിക്കാതിരിക്കാൻ പറ്റുമോ? മഹാറാണി മുക്കുവത്തെരുവിലേക്ക് രഥമേറി! തെരുവിൽ മത്സ്യം വിൽക്കുന്ന തന്റെ ബന്ധുക്കൾ, ചാർച്ചക്കാർ! മഹാറാണി മുഖം തിരിച്ചു: "ചാലകാ, രഥം വേഗം വിടൂ. ദുർഗന്ധം എനിക്ക് സഹിക്കാൻ കഴിയുന്നില്ല... വൃത്തികെട്ട ജന്തുക്കൾ''. മത്സ്യത്തെരുവിൽ നിന്ന് കൊട്ടാരത്തിലെത്തിയ മുക്കുവയുവതിക്ക് ചില നാളുകൾ കഴിഞ്ഞപ്പോൾ മത്സ്യഗന്ധം സഹിക്കാൻ കഴിയുന്നില്ല... മുക്കുവർ അവൾക്കിപ്പോൾ ''വൃത്തികെട്ട ജന്തുക്കൾ" ആയിത്തീർന്നിരിക്കുന്നു.

ഇത് നമ്മുടെയും കഥയല്ലേ? പാപത്തിന്റെ കുഴഞ്ഞ ചേറ്റിൽ നാറ്റം വമിച്ചു കിടന്ന നമ്മെ യേശു വലിച്ചുകയറ്റി, തന്റെ തങ്കച്ചോരയാൽ ചേറെല്ലാം കഴുകി ശുദ്ധീകരിച്ച് അവിടുത്തെ സിംഹാസനത്തിന്റെ പങ്കാളിയാക്കി, പട്ടമഹിഷിയാക്കിയിട്ട് നമ്മോട് ആജ്ഞാപിച്ചിരിക്കുന്നു: "നിന്റെ ചാർച്ചക്കാരുടെയും ബന്ധുക്കളുടെയും ഉദ്ധാരണം ഇനി നിന്റെ ചുമതലയാണ്!" ഇതിനായി നാം എന്തുചെയ്യുന്നു? പാപികളുടെ തെരുവിൽനിന്ന് എത്രയുംവേഗം പലായനം ചെയ്യുന്നു. ഒരിക്കൽ നാമും ഈ പാപികളുടെ പങ്കുകാരായിരുന്നുവെന്നും, യേശുവിന്റെ കാരുണ്യമാണു നമ്മെ പാപത്തിൽ നിന്നു വീണ്ടെടുത്തതെന്നും മറന്ന് പാപികളെ കാണുമ്പോൾ നാമിന്ന് മുഖം തിരിച്ച് ഇതുതന്നെ പറയുന്നു: ''വൃത്തികെട്ട ജന്തുക്കൾ".

എന്നാൽ ഒരു കാര്യം മറക്കരുത്! ആരും മാനത്തുനിന്നു പൊട്ടിവീണവരല്ല! "മുമ്പെ നാമും ബുദ്ധികെട്ടവരും അനുസരണമില്ലാത്തവരും വഴിതെറ്റി നടക്കുന്നവരും നാനാമോഹങ്ങൾക്കും ഭോഗങ്ങൾക്കും അധീനരും ഈർഷ്യയിലും അസൂയയിലും കാലം കഴിക്കുന്നവരും ദ്വേഷിതരും അന്യോന്യം പകയ്ക്കുന്നവരും ആയിരുന്നല്ലോ" (തീത്തോസ് 3:3).

ഇതു മറക്കാതിരിക്കുക... നാം ആരെക്കാളും നല്ലവരായിരുന്നതുകൊണ്ടല്ല, "തന്റെ മഹാകരുണ"കൊണ്ടാണ് (തീത്തോസ് 3:3) അവിടുന്ന് നമ്മെ രക്ഷിച്ചത്! അതിൽ നമുക്ക് പുകഴുവാനൊന്നുമില്ലെന്നു മാത്രമല്ല, ദൈവത്തിന്റെ ദയയും മനുഷ്യരോടുള്ള തന്റെ പ്രീതിയും നമ്മുടെമേൽ ഉദിച്ചിരുന്നില്ലെങ്കിൽ (തീത്തോസ് 3:4) ഇപ്പോഴും പഴയ ചേറ്റിൽത്തന്നെ ആയിരുന്നേനെ എന്നു നാം ഓർക്കണം!

ഒരു ദൈവപൈതലിന് ദൈവത്തോടുള്ള മനോഭാവത്തെപ്പറ്റി നാം ഒത്തിരി കേൾക്കാറുണ്ട്. എന്നാൽ പൗലൊസ് അതിനോടൊപ്പം തന്നെ ദൈവപൈതലിന് മറ്റുള്ളവരോട്, ചുറ്റുപാടുകളോട്, ഗവണ്മെന്റിനോട്, വിജാതീയരോട്, ബന്ധുക്കളോട് ഒക്കെയുള്ള കാഴ്ചപ്പാടുകളെയും വിശദമായി വിവരിക്കുന്നുണ്ട്. നമ്മുടെ വേദഭാഗം (തീത്തോസ് 3:1-5)തുടങ്ങുന്നതു തന്നെ "വാഴ്ചകൾക്കും അധികാ രങ്ങൾക്കും കീഴടങ്ങി" യിരിക്കാൻ (തീത്തോസ് 3:1) പ്രബോധിപ്പിച്ചുകൊണ്ടാണ്. അതായത് ഗവണ്മെന്റിന്റെയും ജോലിചെയ്യുന്ന കമ്പനിയു ടെയും നമ്മുടെ സമൂഹത്തിന്റെയും സാധാരണ നിയമങ്ങൾ അനുസരിക്കാൻ ഉത്സാഹിക്കണം എന്നാണ് പൗലൊസ് പറയുന്നത്. ഇതിനർത്ഥം, നിയമം സുവിശേഷത്തിന് വിരുദ്ധമാണെങ്കിൽ നാം സുവിശേഷത്തിനപ്പുറത്ത് സാമൂഹ്യനിയമം അനുസരിക്കണമെന്നല്ല. ''ദൈവത്തെക്കാൾ അധികം മനുഷ്യനെ അനുസരിക്കുന്നത് ദൈവത്തിന്റെ മുമ്പാകെ ന്യായമല്ല" (പ്രവൃത്തികൾ 4:19). അതുകൊണ്ട് സുവിശേഷത്തെയും സുവിശേഷീകരണത്തെയും നിരാകരിക്കുന്ന ഗവണ്മെന്റിന്റെ വചനവിരുദ്ധമായ കാര്യങ്ങൾ എനിക്ക് അനുസരിക്കാൻ കഴിയില്ല. എന്നാൽ ഗവണ്മെന്റിന്റെ ഭരണനിയമങ്ങൾ ഞാൻ അനുസരിക്കും. ഞാൻ ഒരു നല്ല സിറ്റിസൺ ആയിരിക്കാൻ എപ്പോഴും പരിശ്രമിക്കും.

ഇതിനർത്ഥം ഞാൻ ഗവണ്മെന്റിന്റെ എല്ലാ പോളിസികളോടും യോജിക്കുന്നുവെന്നല്ല. എന്നാൽ എനിക്കു യോജിപ്പില്ലാത്ത എല്ലാക്കാര്യങ്ങളെയും എതിർക്കാനായി നിൽക്കുന്ന ഒരു മത്സരിയല്ല ഞാൻ... ലോകത്തിലെ ഒരു ഗവണ്മെന്റിൽ നിന്ന്, നമ്മുടെ വ്യവസ്ഥിതിയിലെ ഒരു കമ്പനിയിൽ നിന്ന്, വക്രതയുള്ള ഒരു സമൂഹത്തിൽ നിന്ന് ഇത്രയൊക്കെയേ പ്രതീക്ഷിക്കാനാവൂ എന്നെനിക്കറിയാം. നമ്മുടെ രാജ്യം ഭരിക്കുന്നത് യേശുക്രിസ്തുവൊന്നുമല്ലല്ലോ...

എന്നാൽ ഞാൻ അനീതിയുടെ ഭാഗഭാക്കാവുകയില്ല; സമൂഹത്തിന്റെ വക്രതയ്ക്ക് കൂട്ടുനില്ക്കുകയില്ല. പകരം, എനിക്കു ചെയ്യാവുന്ന നന്മ, എനിക്ക് വരുത്താവുന്ന വ്യതിയാനം... അത് ഞാൻ ചെയ്തിരിക്കും. "സകല സൽപ്രവൃത്തിക്കും ഒരുങ്ങിയിരിപ്പിൻ!"

പലപ്പോഴും ക്രിസ്ത്യാനികൾ ലോകത്തിന്റെ പല വ്യവസ്ഥിതികളിലും അസ്വസ്ഥരാണ്. എന്തിനും ഏതിനും എല്ലാവരെയും എല്ലാറ്റിനെയും കുറ്റം പറഞ്ഞുകൊണ്ടിരിക്കും. വൈദ്യുതിയില്ലെങ്കിൽ കുറ്റം, ക്യൂ നില്ക്കേണ്ടി വന്നാൽ മുറുമുറുപ്പ്, ബസ് കിട്ടിയില്ലെങ്കിൽ ഗവണ്മെന്റിനെ ശപിക്കുക, മഴപെയ്തില്ലെങ്കിൽ അതിന്റെ കുറ്റവും ഭരണകർത്താക്കളിൽ ആരോപിക്കുക, സകല രാഷ്ട്രീയപ്പാർട്ടികളുടെയും പഞ്ചായത്തിന്റെയും കുറ്റങ്ങൾ മാത്രം കണ്ടു പിടിക്കുക... "ഒന്നും ശരിയല്ല" എന്ന ആവലാതി!

ഒന്നും ശരിയല്ല! എന്നാൽ ലോകത്തിൽ നിന്ന് ഇതൊക്കെ പ്രതീക്ഷിച്ചാൽ മതി. നാം കണ്ടതുപോലെ ഭരിക്കുന്നത് ദൈവമൊന്നുമല്ലല്ലോ. പൗലൊസ് പറയുന്നു; "ദൂഷണം പറയുന്നത് നിർത്തുക..." (തീത്തോസ് 3:2). പലപ്പോഴും നാം മറ്റുള്ളവരെ കുറ്റം പറയുന്നത് വലിയ നീതിബോധത്തിൽ നിന്നൊന്നുമല്ല, പ്രത്യുത, നമ്മുടെ "അസഹിഷ്ണുത"യിൽ നിന്നാണ്! അസന്തുഷ്ടനായ, അസ്വസ്ഥനായ അവിശ്വാസിയും അസ്വസ്ഥനായ വിശ്വാസിയും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല!

വിശ്വാസികൾ "കലഹിക്കുന്നവരാ"യിരിക്കരുത് എന്ന് പൗലൊസ് പറയുന്നു (തീത്തോസ് 3:2). ചെറിയ കാര്യങ്ങൾക്കുപോലും വിശ്വാസികൾ മറ്റുള്ളവരോട് -പുറത്തുള്ളവരോടു പോലും- കലഹിക്കുന്നത് എത്ര സങ്കടകരമാണ്. പല വിശ്വാസികളും ഓട്ടോറിക്ഷാക്കാരോട് പോലും കൂലിയുടെ കാര്യം പറഞ്ഞ് ബഹളമുണ്ടാക്കും!

ശേഷം പേജ് 28 ▶



**ജോർജ് മാത്യു, പുതുപ്പള്ളി**

# വിശ്വാസവഴിയിലൂടെ വിശുദ്ധിയിലേക്ക്...

**അ**പ്പൊസ്തലനായ പൗലൊസ് വിശുദ്ധജീവിതം നയിച്ച ഒരു ഭക്തനായിരുന്നു. ഇത് സാധാരണക്കാരായ ആളുകൾക്കു സാധിക്കുമോ? ഒരു യുവജന ക്യാമ്പിൽ മുഴങ്ങിക്കേട്ട ഈ സംശയം സമർത്ഥനായ യൂവാവിന്റേതായിരുന്നു. നമ്മെപ്പോലെ തന്നെ വിചാരവികാരങ്ങൾ ഉള്ളവനായിരുന്നു പൗലൊസ്. തനിക്കു തികഞ്ഞ വിശ്വാസം, അഥവാ അപരിമിതമായ വിശ്വാസം ഉണ്ടായിരുന്നു. പൗലൊസിനെയും ആദിമ സഭാപിതാക്കന്മാരെയും മറ്റ് വിശുദ്ധന്മാരെയും നമ്മിൽനിന്നു വ്യത്യസ്തരാക്കുന്നതും ഇതത്രെ. പൗലൊസിനെപ്പോലെ ജീവിക്കുവാൻ നമുക്കു സാധിക്കുമോ? സമാധാനത്തിന്റെ ദൈവം തന്നേ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ. നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ എന്നത്രെ പൗലൊസ് തെസലോനിക്യ സഭയിലെ വിശ്വാസികളെ പ്രബോധിപ്പിക്കുന്നത്. അതുകൊണ്ട് ഈ വിശുദ്ധിയും അനിന്ദ്യതയും എല്ലാവർക്കും സാദ്ധ്യമാണെന്നത്രെ പൗലൊസ് വ്യക്തമാക്കുന്നത്.

വിശുദ്ധിയും അനിന്ദ്യതയും നമുക്കും നൽകുവാൻ ദൈവം വിശ്വസ്തനാണ്. പലരും സമ്പൂർണ്ണമായ ജീവൻ അനുഭവിക്കുവാൻ കഴിവില്ലാത്തവരായിത്തീരുന്നത് അവരുടെ വിശ്വാസം പരിമിതമായതു കൊണ്ടാണ്. നമ്മുടെ വിശ്വാസത്തിന് അനുസരണമായേ സമ്പൂർണ്ണമായ ജീവൻ നമുക്ക് ലഭിക്കുകയുള്ളൂ. വിശ്വാസം മൂലം മാത്രമേ ആത്മനിറവുള്ള വിശുദ്ധജീവിതം സാദ്ധ്യമാകുകയുള്ളൂ. തെസലോനിക്യയിലെ ക്രിസ്ത്യാനികൾ രക്ഷിക്കപ്പെട്ടവരായിരുന്നു. അവർ ക്രിസ്തുയേശുവിനെ അംഗീകരിച്ചു വിശ്വസിച്ചിരുന്നു. രക്ഷയിൽ പരിപാലിക്കപ്പെടുന്നതിനും വിശുദ്ധിയിൽ തികവ് പ്രാപിക്കുന്നതിനും ഏവർക്കും ശക്തീകരിക്കുന്ന വിശ്വാസം ആവശ്യമാണ്.

വിശുദ്ധ ബൈബിൾ ഉദ്ഘോഷിക്കുന്ന പ്രധാന സന്ദേശങ്ങളിൽ ഒന്ന് വിശ്വാസമാണ്. യഥാർത്ഥ വിശ്വാസം ശക്തീകരിക്കുന്ന വിശ്വാസമാണ്. ഇന്ന്

സഭയ്ക്ക് ആവശ്യമായിരിക്കുന്നതും, ശക്തീകരിക്കുന്നതും പ്രാവർത്തികവുമായ വിശ്വാസമാണ്. പക്ഷെ പലർക്കും ഈ വിശ്വാസത്തിൽ വലിയ താൽപര്യമില്ല. ഈ വിശ്വാസം സ്വയത്തിന്റെ ക്രൂശീകരണത്തിലേക്കും സമ്പൂർണ്ണ സമർപ്പണത്തിലേക്കും നയിക്കുന്നതാണ്. ഈ സമർപ്പണത്തിനുള്ള വിശ്വാസമാണ് പര്യാപ്തമായ വിശ്വാസം. ഇപ്പോഴുള്ള സാഹചര്യങ്ങൾക്ക് ആവശ്യമായ വിശ്വാസമാണത്.

പത്രൊസിനേയും പൗലൊസിനേയും വിശുദ്ധ ജീവിതത്തിൽ തികവുള്ളവരാക്കുവാൻ തക്കവണ്ണം വിശ്വാസം നൽകിയ യേശുകർത്താവ് ഇന്നും ജീവിക്കുന്നു. യേശു ഇന്നലെയും ഇന്നും എന്നും അനന്യൻ തന്നെ. നമുക്ക് വിശുദ്ധിയുടെ തികവില്ലെങ്കിൽ, അതിനാവശ്യമായ വിശ്വാസമില്ലെങ്കിൽ അതു നമ്മുടെ കുറവാണ്. ദൈവം നമുക്ക് അത് വാഗ്ദത്തം ചെയ്തിരിക്കുന്നു.

ബെഥാന്യയിലെ മാർത്തയുടെ ചരിത്രം (യോഹന്നാൻ 11) ഈ ആശയത്തിന് നല്ല ഉദാഹരണമാണ്. ലാസർ മരിക്കുമെന്ന് അറിഞ്ഞുകൊണ്ടു തന്നെയാണ് യേശു അവന്റെ അടുക്കലേക്കു പോകുവാൻ വൈകിയത് എന്നുവേണം വിചാരിക്കുവാൻ. ഈ ദീനം മരണത്തിനായിട്ടല്ല, ദൈവത്തിന്റെ മഹത്വത്തിനായിട്ടത്രെ (യോഹന്നാൻ 11 : 4) എന്ന് യേശു പറഞ്ഞതിൽ നിന്ന് അതു വ്യക്തമത്രെ. ദിവ്യമായ ഒരു കാലവിളംബമായിരുന്നു അത്. അല്ലാതെ യേശുവിനു ലാസറിനോടു സ്നേഹമില്ലാഞ്ഞിട്ടല്ലായിരുന്നു. യേശു ലാസറിനെയും മാർത്തയെയും മറിയയെയും സ്നേഹിച്ചിരുന്നു. എങ്കിലും യേശു ആവശ്യത്തിലിരുന്ന അവരുടെ അടുക്കലേക്ക് എത്തുവാൻ അമാന്തിച്ചു. ഇതുപോലെ നമ്മുടെ ജീവിതത്തിലെ പ്രതിസന്ധിഘട്ടങ്ങളിൽ ദൈവശക്തിക്കും കൃപയ്ക്കുമായി നാമും പ്രാർത്ഥിക്കാറുണ്ട്. പക്ഷെ ദൈവത്തിന്റെ സമയത്തിനായി നാം കാത്തിരിക്കേണ്ടതുണ്ട്. ദൈവത്തിന്റെ പദ്ധതികൾ നമ്മുടേതിൽ നിന്നും വ്യത്യസ്തമാണ്.

യേശു താമസിച്ചത് ശിഷ്യന്മാരെയും നമ്മെയും ഉദ്ദേശിച്ചാണ്. ലാസറിനെ രോഗക്കിടക്കയിൽ സൗഖ്യമാക്കുന്നതിനെക്കാൾ, കൂടുതൽ ദൈവത്തിനു മഹത്വകരമായിരുന്നത് അവനെ മരണത്തിൽനിന്ന് ഉയിർത്തെഴുന്നേൽപ്പിക്കുന്നതായിരുന്നു. വരുവിൻ, നമുക്ക് യെഹൂദ്യയിലേക്കു പോകാം എന്ന് കർത്താവ് ശിഷ്യന്മാരോട് കൽപിക്കുന്നു. ഇതുകേട്ട് ശിഷ്യന്മാർ അമ്പരന്നുപോയി. കഴിഞ്ഞ പ്രാവശ്യം അവിടെവച്ച് നിന്റെ ജീവൻ അപകടത്തിലായതാണല്ലോ. പിന്നെ നീ വീണ്ടും അങ്ങോട്ടു പോകുവാനാണോ ഒരുങ്ങുന്നത് ? എന്ന് അവർ അവനോടു ചോദിച്ചു. യേശു നൽകിയ മറുപടി ശ്രദ്ധേയമാണ്. പകലിനു പന്ത്രണ്ടു മണി നേരമില്ലയോ? പകൽസമയത്തു നടക്കുന്നവർ ഈ ലോകത്തിന്റെ വെളിച്ചം കാണുന്നതുകൊണ്ട് ഇടറുന്നില്ല. രാത്രിയിൽ നടക്കുന്നവനോ അവൻ വെളിച്ചം ഇല്ലായ്കകൊണ്ട് ഇടറുന്നു എന്ന് ഉത്തരം പറഞ്ഞു. ഞാൻ എവിടെ പോകുന്നു എന്നു എനിക്ക് അറിയാം, നിങ്ങൾ എന്നെ അനുഗമിപ്പിൻ എന്നു കർത്താവ് അവരോട് ആവശ്യപ്പെടുകയായിരുന്നു.

നമുക്ക് സമ്പൂർണ്ണമായ വിശ്വാസം ആവശ്യമാണെന്നത്രെ കർത്താവ് നിർദ്ദേശിക്കുന്നത്. യാത്രയുടെ എല്ലാ വഴികളും, വിശദവിവരങ്ങളും നാം അറിയണമെന്നില്ല. യേശുവിനു വഴിയെല്ലാം അറിയാം, നാം യേശുവിനെ പിന്തുടർന്നാൽ മാത്രം മതി. യേശു ബെഥാന്യയിലേക്കു പോയി. മാർത്ത അവനെ എതിരേറ്റു. യേശു അവളെ ആശ്വസിപ്പിക്കുന്നു. ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു എന്ന് യേശു അവളോടു പറഞ്ഞു. പുനരുത്ഥാനം എന്നു പറയുന്നത് ഒരനുഭവവും ഒരു വ്യക്തിയുമാണ്. ഇതാ, യേശു അവളുടെ മുമ്പിൽ നിൽക്കുന്നു. യേശുവിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്നു യേശുവിൽ വിശ്വസിക്കുന്നവൻ ഒരുനാളും മരിക്കയില്ല.

യേശു കണ്ണുനീർ വാർത്തു (യോഹന്നാൻ 11 :33). യേശു എന്തിനാണ് കണ്ണുനീർ വാർത്തത്? ലാസർ മരിച്ചുപോയതിലുള്ള ദു:ഖത്താലാണ് യേശു കരഞ്ഞതെന്ന് മറ്റുള്ളവർ വിചാരിച്ചു. പക്ഷെ, യേശു കരഞ്ഞത് എന്തു കൊണ്ടാണ്? ജനത്തിന്റെ കല്ലുപോലുള്ള അവിശ്വാസവും, പരിമിതവും ബലഹീനവുമായ വിശ്വാസവും കണ്ടതുകൊണ്ടാണ്. ഏദെൻതോട്ട ത്തിലെ അവിശ്വാസം അവിടെ ആവർത്തിക്കു കയായിരുന്നു. സംശയാലുക്കളായ തന്റെ ശിഷ്യ ന്മാർ മൂലവും, ബലഹീനരായ തന്റെ അനുയാ യികൾ മൂലവും, ചുറ്റുപാടും തിങ്ങിനിന്ന പാപവും രോഗവും മൂലവുമത്രേ യേശുകർത്താവ് കരഞ്ഞത്.

അവനെ വെച്ചത് എവിടെ ? എന്ന് യേശു

ശേഷം പേജ് 24 ▶



ചെയ്സ് ജോസഫ്

# യേശു തേജസിന്റെ പ്രഭ

**പി**താവ് പുത്രനെ സകലത്തിനും അവകാശി ആക്കി വച്ചു. യേശു മുഖാന്തരം ലോകത്തെയും ഉണ്ടാക്കി (എബ്രായർ 1: 2). പിതാവ്, പുത്രനെ അവകാശി ആക്കി വച്ചതും സകലത്തിന്റെയും അടിസ്ഥാനം ഉളവാക്കിയതും എല്ലാം യേശുവിനു വേണ്ടിയും യേശുവിലൂടെയും ആയിരുന്നു. എബ്രായർ 1:3-ൽ അവിടുന്ന് തേജസ്സിന്റെ പ്രഭ എന്ന് പറയുമ്പോൾ ദൈവീക ത്രിത്വത്തിലെ വ്യക്തികളുടെ പരസ്പരബന്ധത്തെ സൂചിപ്പിക്കുകയാണ് ചെയ്യുന്നത്. ത്രിയേക ദൈവത്തെ സൂചിപ്പിക്കുവാൻ നാം പല സൂചകങ്ങളും ഉപയോഗിക്കാറുണ്ട്. അതിൽ ഒന്നാണ് സൂര്യന്റെ ഉദാഹരണം. പിതാവ് സൂര്യനെ പോലെ ആണെങ്കിൽ പുത്രൻ അതിൽ നിന്ന് വരുന്ന വെളിച്ചവും പരിശുദ്ധാത്മാവ് സൂര്യനിൽ നിന്ന് വരുന്ന താപവും എന്ന് പറയാറുണ്ട്. എന്നാൽ ഇത് വളരെ അപര്യാപ്തം ആയ ഒരു ഉദാഹരണം ആണ്. എന്നിരുന്നാലും പിതാവിന്റെ തേജസ്സിന്റെ പ്രഭ എന്ന് പറയുമ്പോൾ ഏകദേശം അങ്ങനെ ഒരു ഉദാഹരണം ഉപയോഗിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കാം.

തത്വത്തിന്റെ മുദ്ര എന്നത് exact imprint of His nature, അതായത് ദൈവപ്രകൃതത്തിന്റെ ദൃശ്യമായ അടയാളം എന്നാണ് അർത്ഥമാക്കുന്നത്. പിതാവ് യേശുക്രിസ്തുവിനെ, സകലത്തെയും തന്റെ ശക്തിയേറിയ വചനത്താൽ വഹിക്കുന്നവൻ എന്ന് പറയുമ്പോൾ സകലവും ഉളവായതു യേശുവിലൂടെ ആയതുകൊണ്ട് സകലത്തെയും അവിടുന്ന് വഹിക്കുന്നു എന്ന് മനസ്സിലാക്കണം. ഈ പ്രയോഗങ്ങൾ എല്ലാം യേശുവിന്റെ ദൈവത്വത്തെക്കുറിച്ചുള്ള ശക്തമായ സൂചകങ്ങൾ ആണ്. ദൈവത്തിനു മാത്രം നൽകാവുന്ന വിശേഷണങ്ങൾ ആണ് ഇവയെല്ലാം. ഇത്രയും പറഞ്ഞ ശേഷം യേശു പൂർണ്ണമനുഷ്യനായിരുന്ന് എങ്ങനെ മനുഷ്യന്റെ പ്രതിനിധി ആയി എന്നാണ് പൗലോസ് വ്യക്തമാക്കുന്നത്. ഇത്രയും ഉന്നതനായ ദൈവം ആണ് പാപങ്ങൾക്ക് പരിഹാരം വരുത്തുവാൻ താഴ്മ സ്വീകരിച്ചത് എന്നതുകൊണ്ട് പാപപരിഹാരം നിശ്ചയമായും പരാജയപ്പെടാതെ പൂർത്തിയാകും എന്ന് ഉറപ്പായിരുന്നു.

നമ്മുടെ മഹാപുരോഹിതൻ എന്ന പദവി യേശുവിനു ലഭിക്കുന്നത് പ്രപഞ്ചസൃഷ്ടിക്കു മുൻപാണ്. അന്നുമുതൽ അവിടുന്ന് മനുഷ്യന്റെ പ്രതിനിധി കൂടെയാണ്. അവിടുന്ന് ദൈവദൂതന്മാരെക്കാൾ വിശിഷ്ടമായ നാമത്തിനു അവകാശി ആയി. എന്താണ് ഈ നാമം? ദൈവപുത്രൻ എന്ന

നാമം അല്ല, മനുഷ്യപുത്രൻ എന്ന നാമം ആണ് അവിടുന്ന് ആഗ്രഹിച്ചതും പിതാവ് യേശുവിനു നൽകിയതും. അത് ഇപ്പോൾ ദൂതന്മാരെക്കാളും ശ്രേഷ്ഠമായ നാമം ആണ്. നാം പ്രാപിക്കുന്ന അവകാശം ക്രിസ്തുവിൽ ആയതിനാൽ നാമും ദൂതന്മാരെക്കാളും ശ്രേഷ്ഠമായ പദവിയിലേക്ക് ആണ് നയിക്കപ്പെടുന്നത് എന്ന് ഈ വാക്യങ്ങൾ സൂചിപ്പിക്കുന്നു. ദൈവപുത്രൻ എന്ന നാമം യേശുവിനു പിതാവിനോടുള്ള സമത്വത്തെയും സകലത്തിന്റെയും സൃഷ്ടികർത്താവും പരിപാലകനും എന്ന പദവിയെയും കുറിക്കുന്നു. എന്നാൽ മനുഷ്യപുത്രൻ എന്ന നാമം ദൂതന്മാരെക്കാളും ഉന്നതമായ, വീണ്ടെടുക്കപ്പെടുന്നവരുടെ അവകാശത്തെ സൂചിപ്പിക്കുന്നു.

എബ്രായർ 1: 5-ൽ നീ എന്റെ പുത്രൻ ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു എന്നത് പലപ്പോഴും ക്രിസ്തു നിത്യൻ അല്ല എന്നും ഏതോ ഒരു സമയത്തു (ഇന്ന്) പിതാവ് ജനിപ്പിച്ചത് ആണെന്നും പലരും കരുതുന്നുണ്ട്. എന്നാൽ അത് ക്രിസ്തുവിനെക്കുറിച്ചുള്ള മറ്റു വെളിപ്പാടുകൾക്കു വിരുദ്ധമാണ്. ഇവിടെ *ഇന്ന്* എന്ന വാക്കു സൂചിപ്പിക്കുന്നത് യേശുവിന്റെ മഹാപുരോഹിതൻ എന്ന സ്ഥാനത്തെക്കുറിച്ചാണ്. എബ്രായലേഖനം 5-ാം അധ്യായത്തിൽ ഇത് വിശദീകരിക്കുന്നുണ്ട്. ദൈവപുത്രൻ ആയിരിക്കെ അവിടുന്ന് ദൂതന്മാരെക്കാളും അല്പം താഴ്ച വന്നവൻ ആയെങ്കിലും അത് അവിടുന്ന് ആർക്കു വേണ്ടി പുരോഹിതൻ ആയോ, അവരെ ദൂതന്മാരെക്കാളും ശ്രേഷ്ഠരാക്കി മാറ്റുന്നതിന് വേണ്ടി ആയിരുന്നു.

എബ്രായർ 1: 6 - 8 വരെ ആദ്യജാതൻ ആയി നിയമിക്കപ്പെട്ട ക്രിസ്തു ഇനിയും രണ്ടാമത് ഭൂതലത്തിലേക്ക് പ്രവേശിക്കുമ്പോൾ മരിക്കാൻ പറ്റുന്ന ഒരു മനുഷ്യശരീരത്തിൽ അല്ല, പ്രത്യുത തേജസ്സാർന്ന സ്വർഗീയ രാജാവായിട്ടായാണ് എഴുന്നള്ളുന്നത്. അപ്പോൾ സകലദൂതന്മാരും പുത്രനെ നമസ്കരിക്കണം എന്ന് പിതാവ് പ്രഖ്യാപിക്കുന്നു. യേശുക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ചുള്ള ഒരു വ്യക്തതയാർന്ന പരാമർശം ആണ് ഇത്. ആരാധനയ്ക്കു യോഗ്യൻ ദൈവം മാത്രമാണ്. ദൈവമല്ലാത്ത ആരെ വണങ്ങുന്നതും ഒന്നാം കല്പനയുടെ ലംഘനം ആണ്. അതുകൊണ്ട് പിതാവ് ആവശ്യപ്പെടുന്നത് ആരാധനയ്ക്കു യോഗ്യനായ ദൈവമായ പുത്രനെ ആരാധിക്കാൻ തന്നെയാണ്

ദൂതന്മാർ കാറ്റിനെയും അഗ്നിജ്വാലയെയും പോലെയേ ഉള്ളു. ആരെ വേണമെങ്കിലും ദൂതന്മാർ ആക്കുവാൻ ദൈവത്തിനു കഴിയും. എന്നാൽ പുത്രൻ അങ്ങനെ അല്ല. അവിടുന്ന് ആരാധനയ്ക്കു യോഗ്യനും അവസാനം ഇല്ലാത്ത നിത്യരാജ്യത്തിന്റെ രാജാവും ആണ്. 8 മുതൽ 14 വരെ വാക്യങ്ങളിൽ നാം കാണുന്നത് യേശുക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും ഇടകലർത്തി പരാമർശിക്കുന്നതാണ്. എട്ടാം വാക്യത്തിൽ പിതാവ് പുത്രനെ ദൈവമേ എന്ന് അഭി സംബോധന ചെയ്തിരിക്കുന്നു. ഒരിക്കലും അവസാനിക്കാത്ത കിരീടത്തെക്കുറിച്ചും അധികാരത്തെ കുറിച്ചും പറയുന്ന 10, 13 വാക്യങ്ങളിൽ യേശുക്രിസ്തു പൂർവകാലത്തു ഭൂമിക്കും ആകാശത്തിനും അടിസ്ഥാനം ഇട്ട കർത്താവാണ് എന്ന് പറഞ്ഞിരിക്കുന്നു. സ്രഷ്ടാവായ ദൈവത്തെ ആണ് ഇവിടെ പരിചയപ്പെടുത്തുന്നത്. യേശുവിന്റെ ദൈവത്വത്തെ നിഷേധിക്കുന്നവർക്കുള്ള മറുപടി ആണ് ഈ വാക്യങ്ങൾ. ഇതിനിടയിൽ യേശുക്രിസ്തു വിശുദ്ധന്മാർക്കായി സ്ഥാപിച്ച അവകാശങ്ങളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. അതുമാത്രം ഉദ്ധരിച്ചിട്ടു യേശു, പിതാവിന് തുല്യൻ അല്ല എന്ന് പറയുന്നവർ ഉണ്ട്.

മഹാപൗരോഹിത്യത്തിലൂടെ അല്ലെങ്കിൽ നമ്മെ പ്രതിനിധാനം ചെയ്യുന്ന മനുഷ്യപുത്രൻ എന്ന നിലയിൽ യേശുക്രിസ്തു നേടിയ അവകാശങ്ങളെ നമുക്ക് ശ്രദ്ധിക്കാം.

1. സകലത്തിനും മേലായ നാമം ലഭിച്ചു.
2. കൂട്ടുകാരിൽ പരമായി ആനന്ദതൈലം കൊണ്ട് അഭിഷേകം ചെയ്യപ്പെട്ടു.
3. പിതാവിന്റെ വലതു ഭാഗത്തു ഇരുന്നു.
4. ദൂതന്മാരെക്കാളും ശ്രേഷ്ഠമായ നാമത്തിനു അവകാശി ആയിത്തീർന്നു. ഈ വാക്യങ്ങൾ നിത്യനായ ദൈവത്തിന്റെ അവകാശങ്ങൾ ആയിട്ടല്ല, പ്രത്യുത മനുഷ്യന്റെ പാപപരിഹാരത്തിനായി അവിടുന്ന് ഏറ്റെടുത്ത രക്ഷാകർമ്മത്തിന്റെ ഫലമായി യേശുവിനു ലഭിച്ച അവകാശങ്ങൾ ആണ്.

എബ്രായർ 1: 14 പറയുന്നത് അദ്ഭുതകരമായ ഒരു കാര്യം ആണ്. ദൂതന്മാർ രക്ഷ പ്രാപിക്കാനുള്ളവരുടെ ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെടുന്ന സേവകാത്മാക്കൾ ആണ്. പക്ഷെ അവർ പ്രവർത്തിക്കുന്നത് നമ്മുടെ ദാസന്മാർ ആയിട്ടല്ല,

ശേഷം പേജ 27 ▶



**ഡേവിഡ് വിൽക്കേഴ്സൺ**

# വിശുദ്ധിയുടെ ശക്തിയില്ലാത്ത ദൈവഭക്തി

**ദൈ**വശബ്ദം കേട്ട്, പരിശുദ്ധാത്മാവിനാൽ ഉണർത്തപ്പെട്ടിട്ടും പിന്തിരിഞ്ഞുപോയ ഇസ്രായേലിന്റെ മേൽ വരാനിരുന്ന ന്യായവിധികളുടെ വെളിപ്പാടറിയിച്ച പ്രവാചകന്മാരെപ്പോലെ, പുതിയ നിയമ സഭയോട് ന്യായവിധിയുടെ മുന്നറിയിപ്പ് നൽകുവാൻ നിയോഗം ലഭിച്ചവർ ഇന്ന് എവിടെയാണ്? ചിലർ ചെയ്യുന്നുണ്ട്, എങ്കിലും എന്തുകൊണ്ടാണ് എല്ലാ സുവിശേഷ പ്രസംഗകരും ദൈവഭവനത്തിന്റെ പാപകരമായ അവസ്ഥയിൽ ദു:ഖിക്കാത്തത്? എന്തുകൊണ്ട് ദൈവസഭ മതിലിന്മേൽ കാവൽക്കാരെപ്പോലെ നിലവിളിക്കുന്നില്ല? പിന്തിരിഞ്ഞു പോയ തന്റെ ജനത്തിന്റെ അന്ത്യം പ്രഖ്യാപിക്കുന്ന ഒരു ദർശനം ദൈവം ശമുവേലിന് നൽകി എന്നു തിരുവെഴുത്ത് പറയുന്നു, 'അങ്ങനെ ശമു വേൽ സകലവും ഏലിപുരോഹിതനോട് അറി യിച്ചു, അവനിൽ നിന്ന് ഒന്നും മറച്ചുവെച്ചില്ല (1 ശമുവേൽ 3:18). *ഞാൻ നിങ്ങളോട് ചോദി ക്കുന്നു, നിങ്ങൾ ദൈവത്തിന്റെ എല്ലാ ആലോച നയും ജനങ്ങളോട് തുറന്നു പറയുന്നുണ്ടോ?* ദൈവത്തിന്റെ ചില ആലോചനകൾ മറ്റുള്ളവരെ വ്രണപ്പെടുത്തു മെന്ന് ഭയന്ന് നിങ്ങൾ സത്യം മറച്ചുവെക്കു കയാണോ?

ആത്മീയ അധ:പ്പതനത്തിന്റെ സമയത്തും സഭയ്ക്കുള്ള ആലോചന ഒന്നും മറച്ചു വയ്ക്കാതെ അറിയിക്കുവാൻ ഭയപ്പെടുന്നവർക്കിടയിലും, തന്റെ ശബ്ദം കേൾക്കുന്ന ഒരു ശമുവേലിനെ കർത്താവായ ദൈവം ഓരോ കാലഘട്ടത്തിലും എഴുന്നേൽപ്പിക്കുമെന്നു നാം വിശ്വസിക്കണം. പാരമ്പര്യമോ മതപരമായ ചട്ടക്കൂടുകളോ ഒന്നും ശ്രദ്ധിക്കാത്ത പുരുഷന്മാരെയും സ്ത്രീകളെയും ആരെയും ഇതിനായി ഉപയോഗിക്കുവാൻ ദൈവത്തിനു കഴിയും. ദൈവശബ്ദം കേൾക്കാനും ദൈവത്തെ ദു:ഖിപ്പിക്കുന്നത് എന്താണെന്ന് അറിയാനും, ചെവിയും, എളിമയും ഉള്ള ആത്മാവിൽ ദരിദ്രരായവരെ ദൈവം അന്വേഷിക്കുകയാണ്.

ശമുവേലിന്റെ സന്ദേശം സന്തോഷകരമല്ലായിരുന്നു എന്നതിൽ ഒട്ടും സംശയമില്ല. ഏലിയോട് ദർശനം പറയാൻ ശമുവേൽ ഭയപ്പെട്ടു. അതിശക്തമായിരുന്നു ഈ ദർശനം. എന്നാൽ ന്യായവിധി മുമ്പിൽ വന്നു നിൽക്കുന്നവരോട് അത് പങ്കുവെക്കാതിരിക്കാൻ ശമുവേലിന് കഴിഞ്ഞില്ല. വിശുദ്ധിയുടെ ശക്തിയില്ലാത്ത ദൈവഭക്തി ദൈവം ഒരിക്കലും സഹിക്കില്ല.

അതെ, ദൈവം തന്റെ സാന്നിധ്യം ശീലോവിൽ നിന്ന് നീക്കം ചെയ്യാൻ തീരുമാനിച്ചിരുന്നു. എന്നാൽ അപ്പോൾത്തന്നെ ഇസ്രായേലിൽ മഹത്തായ ഒരു പുതിയ കാര്യവും ദൈവം ചെയ്തു. എന്നാൽ എന്റെ പ്രസാദവും ഹിതവും അനുഷ്ഠിക്കുന്ന ഒരു വിശ്വസ്ത പുരോഹിതനെ ഞാൻ എനിക്ക് എഴുന്നേല്പിക്കും; അവനു ഞാൻ സ്ഥിരമായൊരു ഭവനം പണിയും; അവൻ എന്റെ അഭിഷിക്തന്റെ മുമ്പാകെ നിത്യം പരിചരിക്കും (1 ശമുവേൽ 2:35). ദൈവത്തിന്റെ ഹൃദയത്തെ നന്നായി മനസിലാക്കുന്ന വിശ്വാസികളുടെയും ശുശ്രൂഷകരുടെയും പ്രതിനിധിയാണ് ശമുവേൽ. അവർ കർത്താവിന്റെ മനസ്സും അവിടുത്തെ ഇഷ്ടവും അറിയുന്നു, അവർ ദൈവമുമ്പാകെ

ഭയത്തോടും വിശുദ്ധിയോടും കൂടെ നടക്കുന്നു. അവർ പ്രാർത്ഥിക്കുന്ന ജനമാണ്; ശമുവേൽ പ്രാർഥനയിലിരിക്കെയാണ് വരാനിരുന്ന ഭയാനകമായ കാര്യങ്ങൾ ദൈവം അവനു വെളിപ്പെടുത്തിയത്. അവർ ദൈവവുമായി സമ്പർക്കം പുലർത്തുന്നതിനാൽ ദൈവത്തെ അറിയുകയും തന്റെ ദു:ഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു.

തന്നോടൊപ്പം സമയം ചിലവഴിക്കുവാൻ ആഗ്രഹിക്കുന്നവരോട് ദൈവം ഈ അന്ത്യനാളുകളിൽ സംസാരിക്കുന്നു. തന്നെക്കുറിച്ച് കൂടുതൽ വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർക്കും, തന്നെ പിന്തുടരുന്നവർക്കും, എല്ലാ സ്വാർത്ഥ അഭിലാഷങ്ങൾക്ക് ക്രൂശിക്കപ്പെട്ടവർക്കും ആത്മീയസന്തോഷവും ദൈവമഹത്വവും ലഭിക്കുന്നു. ജീവിതത്തിൽ ലക്ഷ്യബോധമില്ലാതെ ജീവിച്ചവർക്കു പോലും അവിടുന്ന് തന്റെ ഹൃദയം വെളിപ്പെടുത്തുന്നു. ദൈവം തന്റെ വചനം കൈമാറാൻ ദർശനവും ആത്മഭാരവും ദൈവസ്നേഹവും ഇല്ലാത്ത ഒരു വിഭാഗത്തെയും തിരഞ്ഞെടുക്കില്ല. ദൈവശബ്ദം മറ്റുള്ളവരെ കേൾപ്പിക്കുവാനും കർത്താവിന്റെ മടങ്ങിവരവിനു വേണ്ടി ഹൃദയങ്ങളെ ജ്വലിപ്പിക്കാനും ദൈവം ഒരിക്കലും ആത്മനടത്തിപ്പില്ലാത്ത ഒരു സംഘടനയെയും ഭരമേല്പിക്കില്ല. സാത്താന്യ ദുരാത്മാക്കൾ ഭൂമിയെ തകർക്കാൻ പുറപ്പെടുമ്പോൾ, വചനം അനുസരിക്കാത്ത ക്രിസ്തീയ വിഭാഗങ്ങളും മതനേതാക്കളും കപടഭക്തിക്കാരും അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും, അധികാരം നിലനിറുത്തുന്നതിനും, ഉപായങ്ങളും തന്ത്രങ്ങളും ആവിഷ്ക്കരിച്ച് തയ്യാറാക്കുന്നതിലും കഠിനാധ്വാനം ചെയ്യുന്നതായി കാണപ്പെടുന്നു. എന്നാൽ ശമുവേലിനെപ്പോലെയുള്ളവർ ഈ സമയത്തു ദൈവഹിതം തിരിച്ചറിയുവാൻ പ്രാർത്ഥനയുടെ രഹസ്യ അറയിൽ ആയിരിക്കും.

ഇസ്രായേല്യരുടെ ന്യായാധിപനും പ്രവാചകനുമായി ജനത്തെ സേവിക്കാൻ ദൈവം ഉയർത്തിയ ദൈവമനുഷ്യനായ ശമുവേൽ തന്റെ ശുശ്രൂഷയുടെ അവസാനം വരെ തന്റെ ജനത്തെക്കുറിച്ചുള്ള ദൈവത്തിന്റെ ദു:ഖം വഹിച്ചു. ഇസ്രായേൽ ഒടുവിൽ ഒരു രാജാവിനെ മോഹിച്ചുവെന്ന് ബൈബിൾ പറയുന്നു. ഞങ്ങളെ ഭരിക്കേണ്ടതിന് രാജാവിനെ തരേണമെന്ന് അവർ പറഞ്ഞ കാര്യം ശമൂവേലിന് അനിഷ്ടമായി.

**തന്നോടൊപ്പം സമയം ചിലവഴിക്കുവാൻ ആഗ്രഹിക്കുന്നവരോട് ദൈവം ഈ അന്ത്യനാളുകളിൽ സംസാരിക്കുന്നു. തന്നെ പിന്തുടരുന്നവർക്കും, എല്ലാ സ്വാർത്ഥാഭിലാഷങ്ങൾക്ക് ക്രൂശിക്കപ്പെട്ടവർക്കും, ആത്മീയസന്തോഷവും ദൈവമഹത്വവും ലഭിക്കുന്നു.**

(1 ശമുവേൽ 8:5). ഇത് കേട്ട് ശമുവേൽ വളരെ അതൃപ്തനായി ഹൃദയവേദനയോടെ ദൈവ മുമ്പിൽ മുട്ടുകുത്തി, വീണുകരഞ്ഞു. ദൈവം അവനോട് ഈ സങ്കടകരമായ വാക്കുകൾ പറഞ്ഞു: ജനങ്ങൾ നിന്നോട് പറയുന്ന എല്ലാ കാര്യങ്ങളിലും അവരുടെ ശബ്ദം കേൾക്കുക; അവർ നിങ്ങളെ തള്ളിക്കളഞ്ഞില്ല, എന്നാൽ ഞാൻ അവരെ ഭരിക്കാതിരിക്കേണ്ടതിനു അവർ എന്നെ തള്ളിക്കളഞ്ഞു (1 ശമുവേൽ 8:7) ശമുവേൽ ജനങ്ങളുടെ അടുത്ത് ചെന്ന് ഒരു രാജാവിന്റെ കീഴിൽ അവർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചും അവരുടെ മക്കളെ രാജാവ് ഏതെല്ലാം കാര്യങ്ങളിൽ നിർബന്ധിക്കുമെന്നും അവരുടെ നിലം പിടിച്ചെടുക്കുമെന്നും മുന്നറിയിപ്പ് നൽകി. എന്നാൽ ജനങ്ങൾ തങ്ങൾക്കു അതുതന്നെ ആവശ്യമാണെന്ന് ശമുവേലിനോട് കർക്കശമായി ആവശ്യപ്പെട്ടു. അവർക്കു ഒരു രാജാവിനെ കൊടുക്കുക, കർത്താവ് ശമുവേലിനോട് പറഞ്ഞു. അവർ ദൈവത്തിന്റെ ഹൃദയം തകർത്തതിനാൽ അവരുടെ ചരിത്രം വീണ്ടും തിരുത്തപ്പെട്ടു.

ഇപ്പോൾ എവിടെ തിരിഞ്ഞാലും നല്ല പങ്കാളുകളും കർത്താവിന്റെ ആലോചനകൾ നിരസിക്കുന്ന നിലയിലാണ് ജീവിക്കുന്നത്. ജാതികളെപ്പോലെ ആയിരിക്കാൻ ദൈവജനം മുറവിളി കൂട്ടുന്നു. ലോകത്തെപ്പോലെ ആയിരിക്കുക എന്ന് അവർ പറയുന്നു. ഇന്നത്തെ ക്രിസ്ത്യാനികളിൽ നല്ല ശതമാനം ആളുകൾക്കും ദൈവവും ലോകവും വേണം! ലോകത്തിന്റെ അംഗീകാരവും അന്തസ്സും, ലോകത്തിന്റെ സുഖഭോഗങ്ങളും ആഡംബരത്തിന്റെ നല്ല ജീവിതവും അവർ ആഗ്രഹിക്കുന്നു. എന്നാൽ ജാതികളെപ്പോലെ തങ്ങൾക്കു ഒരു രാജാവിനെ വേണമെന്ന യിസ്രായേലിന്റെ ആവശ്യത്തോട്

ശമുവേൽ വിമുഖത കാണിക്കുകയും അതിൽ ദു:ഖിക്കുകയും ആണ് ചെയ്തത്. വിട്ടുവീഴ്ചയുടെ ജീവിതം എവിടെ അവസാനിക്കുമെന്നു ശമുവേലിനറിയാം. വിശ്വാസത്യാഗത്തിന്റെ ഭയാനകമായ ഫലങ്ങൾ താൻ മുന്നിൽ കാണുന്നു. ന്യായവിധി മുമ്പിൽ കണ്ട ശമുവേലിനെപ്പോലെ ഹൃദയസ്പർശിയായ നിലയിൽ നിലവിളിക്കുന്നവർ എഴുന്നേൽക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

ദൈവജനത്തിന്റെ തെറ്റുകൾ തിരിച്ചറിയുകയും ദൈവമുമ്പാകെ അവരുടെ പാപത്തെ ഓർത്ത് കരയുകയും ചെയ്യുന്നവരെ 'വിധിക്കുന്നവർ' എന്ന് വിളിക്കുകയും അവരുടെ ആത്മികത കാലഘട്ടത്തിനു ചേരാത്തത് എന്ന് പറയുകയും ചെയ്യുന്നു. അങ്ങനെ ഉള്ളവരുടെ അടുത്ത് ഇരിക്കാൻ പലർക്കും ഇഷ്ടമല്ല. അവർ നിഷേധാത്മകചിന്ത ഉള്ളവരും പരിജ്ഞാനമില്ലാത്തവരുമെന്നു അടക്കം പറയുന്നു. കാലത്തിനൊത്തു മാറാത്തവർ, കഠിന ഉപദേശകർ എന്നൊക്കെ മറ്റുള്ളവർ പറഞ്ഞു പരിഹസിക്കുന്നവർക്ക്, ഏങ്ങിയേങ്ങി കരയുന്ന ശമുവേലിനെപ്പോലെയുള്ള ഇത്തരം ആളുകളെ വേണ്ടും പോലെ അറിയില്ല. ദൈവത്തോടൊപ്പം യഥാർത്ഥമായി ദു:ഖിക്കുന്നവർക്ക് ദൈവത്തിൽ നിന്ന് സന്തോഷത്തിന്റെ മഹാപ്രവാഹം ലഭിക്കുന്നുണ്ടെന്ന് അവർ മനസ്സിലാക്കുന്നില്ല.


വിശുദ്ധരും പാപത്തിൽ നിന്നും വേർപിരിഞ്ഞു ജീവിക്കുന്നവരുമായ ഒരു സമൂഹത്തിലൂടെ ദൈവത്തിന് എല്ലായ്പ്പോഴും ഒരു ശുദ്ധമായ ശുശ്രൂഷ ഉണ്ടായിരിക്കുമെന്ന് അറിയുന്നതിൽ നിന്നാണ് ദൈവിക സന്തോഷം ലഭിക്കുന്നത്. ഏറ്റവും മോശമായ ദിവസങ്ങളിൽ പോലും ദൈവം തന്റെ നിരന്തരമായ സാന്നിധ്യത്താൽ തങ്ങളെ ബഹുമാനിക്കുമെന്ന് ഈ ആളുകൾക്ക് അറിയാം. വരുവാൻ പോകുന്ന ന്യായവിധി മുമ്പിൽ കണ്ടുകൊണ്ടു ദു:ഖിതരായ ശേഷിപ്പിന് ഇങ്ങനെ പറയാൻ കഴിയും: ദു:ഖിതരെങ്കിലും എപ്പോഴും ആനന്ദിക്കുന്നു. ദരിദ്രരെങ്കിലും പലരെയും സമ്പന്നരാക്കുന്നു. ഒന്നുമില്ലാത്തവർ എങ്കിലും എല്ലാം ഉള്ളവർ തന്നെ (2 കൊരിന്ത്യർ 6:10).

തിരഞ്ഞെടുക്കപ്പെട്ട രാജാവായ ശൗലിന്റെ വിനാശകരമായ ഭരണകാലത്ത് ശമുവേലിന് വലിയ സന്തോഷം ഉണ്ടായിരുന്നില്ലെന്ന് തോന്നുന്നു, കാരണം അവൻ ശൗലിനെക്കുറിച്ചു

**വിശുദ്ധരും പാപത്തിൽ നിന്നു വേർപിരിഞ്ഞു ജീവിക്കുന്നവരുമായ ഒരു സമൂഹത്തിലൂടെ ദൈവത്തിന് എല്ലായ്പ്പോഴും ഒരു ശുദ്ധമായ ശുശ്രൂഷ ഉണ്ടായിരിക്കുമെന്ന് അറിയുന്നതിൽ നിന്നാണ് ദൈവിക സന്തോഷം ലഭിക്കുന്നത്.**

വിലപിച്ചുകൊണ്ടിരുന്നു. ശമൂവേൽ ജീവപര്യന്തം ശൗലിനെ പിന്നെ കണ്ടില്ല; എങ്കിലും ശമൂവേൽ അവനെക്കുറിച്ചു ദു:ഖിച്ചു; യഹോവയും താൻ ശൗലിനെ യിസ്രായേലിനു രാജാവാക്കിയതുകൊണ്ട് അനുതപിച്ചു. (1 ശമുവേൽ 15:35). ഒടുവിൽ കർത്താവ് ശമുവേലിനോട് അരുളിച്ചെയ്തു: യിസ്രായേലിന്റെ രാജസ്ഥാനത്തുനിന്ന് ഞാൻ ശൗലിനെ തള്ളിക്കളഞ്ഞിരിക്കുകയാൽ നീ അവനുവേണ്ടി എത്രനാൾ വിലപിക്കും? നീ കൊമ്പിൽ തൈലം നിറച്ചു പുറപ്പെടുക; ഞാൻ നിന്നെ ബേത്‌ലഹേമിൽ യിശ്ശായിയുടെ അടുത്തേക്കയയ്ക്കുന്നു. അവന്റെ പുത്രന്മാരിൽ ഒരുവനെ ഞാൻ രാജാവായി തെരഞ്ഞെടുത്തിരിക്കുന്നു. അവന്റെ പുത്രന്മാരിൽ ഒരുവൻ... തീർച്ചയായും തന്റെ ഹൃദയത്തിന്റെ നിർമലതയ്ക്കനുസൃതമായി യിസ്രായേലിനെ മേയ്ക്കുകയും (സങ്കീർത്തനം 78:72) മശിഹായെ മുൻനിഴലാക്കുകയും ചെയ്ത യുവാവായ ദാവീദായിരുന്നു ദൈവം കണ്ടെത്തിയ മനുഷ്യൻ. വാസ്തവത്തിൽ ദൈവത്തിന്റെ ദു:ഖത്തിൽ പങ്കുചേരുന്നത് സന്തോഷത്തിൽ കലാശിക്കുമെന്ന് വിശ്വസിക്കാൻ നമ്മെ പ്രോത്സാഹിപ്പിക്കുന്നത് ദാവീദിന്റെ വാക്കുകളാണ്. സ്വന്തം അനുഭവസമ്പത്തിൽ നിന്ന് സംസാരിക്കവേ ദാവീദ് പറഞ്ഞു: കരച്ചിൽ ഒരു രാത്രി വരെ സഹിക്കേണ്ടി വന്നേക്കാം, പക്ഷേ ഉറപ്പായും സന്തോഷം പ്രഭാതത്തിൽ വരുന്നു (സങ്കീർത്തനം 30:5). ഇന്നും ദൈവത്തിന്റെ ഹൃദയദു:ഖം മനസിലാക്കി ദൈവത്തിന്റെ ദു:ഖത്തിൽ പങ്കുചേരുവാനായി പ്രാർത്ഥനാമുറിയിലേക്കു പോകുന്നവരെ, പ്രതിഫലം നൽകുന്ന വേളയിലും ദൈവം ആദരിക്കുന്നത് നമുക്ക് കാണാം.





അനു ഗ്രേസ് ചാക്കോ

# പഠനവൈകല്യം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

എന്റെ കുട്ടി ഒന്നും പഠിക്കുന്നില്ല, വളരെയധികം സമയം എടുത്ത് പഠിച്ചിട്ടും പരീക്ഷയിൽ പരാജയപ്പെട്ടു പോകുന്നു. നിരവധി തവണ പറഞ്ഞുകൊടുത്തിട്ടും ഒന്നും മനസ്സിലാകുന്നില്ല. എത്ര തല്ലി പഠിപ്പിച്ചിട്ടും കുട്ടിക്ക് ഒരു വ്യത്യാസവുമില്ല, ഇങ്ങനെ പരാതികളുടെ ഭാണ്ഡക്കെട്ടുമായി കൗൺസലങ്ങിന് സമീപിക്കുന്ന മാതാപിതാക്കളുടെ എണ്ണം നിരവധിയാണ്. കുട്ടികളിലെ പഠനത്തിന്റെ പിന്നോക്കാവസ്ഥ പലപ്പോഴും പഠനവൈകല്യം നിമിത്തം ആയിരിക്കാം.

**എന്താണ് പഠന വൈകല്യം? (Learning disability)**

ശരാശരിയോ അധികമോ IQ ഉണ്ടെങ്കിൽ പോലും അതിനനുസരിച്ച് പഠനത്തിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുവാൻ കഴിയാത്ത അവസ്ഥയ്ക്കാണ് പഠന വൈകല്യം എന്ന് പറയുന്നത്. അതായതു പഠനവൈകല്യം ഉള്ള ഒരു കുട്ടി പഠനത്തിൽ പിന്നോക്കം പോകുന്നത് ബുദ്ധിക്കുറവ് ഉള്ളതുകൊണ്ടല്ല എന്ന് സാരം.

**പഠനവൈകല്യം ഉണ്ടാകുവാൻ ഉള്ള കാരണങ്ങൾ**

1. ഗർഭധാരണ സമയത്തെ അമ്മയുടെ പ്രായം.
2. ഗർഭിണിയായിരിക്കുമ്പോൾ അമ്മയ്ക്കുണ്ടാകുന്ന രോഗങ്ങൾ, മാനസിക സമ്മർദ്ദങ്ങൾ.
3. പ്രസവസമയത്ത് കുഞ്ഞിന്റെ തലച്ചോറിലേക്ക് ആവശ്യത്തിന് ഓക്സിജൻ കിട്ടാതെ വരിക.
4. ബാല്യകാലത്ത് കുട്ടിക്ക് തലയിൽ ഏൽക്കുന്ന മുറിവ്, ക്ഷതങ്ങൾ, മെനഞ്ചൈറ്റിസ് പോലുള്ള രോഗങ്ങൾ, പോഷകാഹാരക്കുറവ് എന്നിവ.
5 പാരമ്പര്യം
6. ഗർഭകാലത്ത് അമ്മയുടെ മദ്യപാനം, ഈയം പോലുള്ള രാസവസ്തുക്കളുമായുള്ള സമ്പർക്കം.

മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാം കുട്ടികളിൽ പഠനവൈകല്യം ഉണ്ടാക്കുവാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു.

കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായം അനുസരിച്ച് പത്താം ക്ലാസിൽ എത്തുന്നത് വരെ എഴുതാനും വായിക്കുവാനും അറിയാത്ത കുട്ടികളെ പോലും വിജയിപ്പിക്കാറുണ്ട്. പത്താം ക്ലാസിൽ എത്തുമ്പോഴാണ് അധ്യാപകർ ഇതിനെ ഗൗരവമായി കാണുന്നതും കുട്ടികളെ കൗൺസലിങ്ങിനായി അയയ്ക്കുന്നതും. തക്കസമയത് നല്ലൊരു ശതമാനം കുട്ടികളുടെയും പഠനവൈകല്യം തിരിച്ചറിയാതെ പോകുന്നത് ഇതിനാലാണ്. പഠനവൈകല്യം ഒരു രോഗമല്ല. അത് ഒരു അവസ്ഥയാണ്. ചെറിയ പ്രായത്തിൽ തന്നെ അത് തിരിച്ചറിഞ്ഞ് ആവശ്യമായ സഹായങ്ങൾ കുട്ടികൾക്ക് കൊടുത്താൽ വളരെ പെട്ടെന്ന് തന്നെ മറ്റു കുട്ടികളോടൊപ്പം എത്തുവാനും പഠനത്തിൽ മികവ് തെളിയിക്കുവാനും സാധിക്കും. പഠന വൈകല്യത്തിന് മരുന്ന് ഉപയോഗിച്ച് ചികിത്സ ഇല്ല. കുട്ടികളിൽ അസാധാരണവും അമിതവുമായ ദേഷ്യം, വാശി, പരിഭ്രമം എന്നിവ ഉണ്ടോ? ഒരു പക്ഷേ പഠന വൈകല്യം തുടങ്ങുന്നതിന്റെ ലക്ഷണമാകാം. നല്ല ഒരു കൗൺസലറുടെ സഹായത്തോടെ

പഠനവൈകല്യം കണ്ടെത്താൻ സാധിക്കും. മാത്രമല്ല ഒരു Special Educational Trainer ന്റെ സഹായത്തോടെ കുട്ടി പിറകോട്ട് നിൽക്കുന്ന മേഖല കണ്ടെത്തി പരിശീലനം നൽകാൻ സാധിക്കും.

*പഠനവൈകല്യം ഏതെല്ലാം നിലയിലാണ് കാണപ്പെടുന്നത് എന്ന കാര്യം ചിന്തിക്കാം.*

**Dyslexia:** ഇത് എത്ര പറഞ്ഞു കൊടുത്താലും ശരിയായ നിലയിൽ എഴുതുവാനും വായിക്കുവാനും ഒരു കുട്ടിക്ക് കഴിയാത്ത അവസ്ഥയാണ്.

**Dysgraphia:** എഴുതുവാൻ ബുദ്ധിമുട്ടുള്ള ഒരു അവസ്ഥ. ശരിയായ നിലയിൽ പെൻസിലോ പേനയോ പിടിക്കുവാൻ കഴിയാതെ, അക്ഷരങ്ങൾ തമ്മിലുള്ള അകലം പാലിക്കാതെ, വരികൾ നേരെ എഴുതുവാൻ പറ്റാതെ, എഴുതുമ്പോൾ എപ്പോഴും അക്ഷരത്തെറ്റ് ഉണ്ടാകുന്ന ഒരു അവസ്ഥ.

**Dyscalculia:** ഗണിതപരമായ കാര്യങ്ങളിൽ ഉള്ള വിഷമത. അക്കങ്ങളും ചിഹ്നങ്ങളും തിരിച്ചറിയാൻ പറ്റാത്ത അവസ്ഥ. ഇത്തരക്കാർ മറ്റു വിഷയങ്ങളിൽ മികവ് പുലർത്തുമെങ്കിലും ഗണിതശാസ്ത്ര വിഷയങ്ങളിൽ പിന്നോക്കം ആയിരിക്കും. പ്രധാനമായും ഈ മൂന്ന് തരത്തിലുള്ള പഠനവൈകല്യമാണ് കുട്ടികളിൽ കാണപ്പെടുന്നത്.

ശാസനയും ശിക്ഷയും പഠനവൈകല്യത്തിന് ഒരിക്കലും ഒരു പരിഹാരമല്ല. ശാസനയും ശിക്ഷയും കുട്ടികളെ കൂടുതൽ മാനസികമായി തളർത്താനും പഠനത്തോട് കൂടുതൽ വിരക്തി ഉണ്ടാകാനും രക്ഷിതാക്കളുമായി കൂടുതൽ അകാലനും മാത്രമേ ഉതകൂ. ഈ വിഷയത്തിൽ ആദ്യമായി വേണ്ടത് രക്ഷിതാക്കൾ അങ്ങേയറ്റം ക്ഷമ നേടിയെടുക്കുക എന്നതാണ്. പഠന വൈകല്യം നേരിടുന്ന കുട്ടിക്ക്  കൂടുതൽ ഫലപ്രദമായ ഒരു പഠനരീതി കണ്ടെത്തുകയും അതിലൂടെ കുട്ടിക്ക് പരിശീലനം നൽകുകയും ചെയ്യുക. ഇതിനു ഒരു ട്രെയിനറുടെ സഹായം കൂടുതൽ ഉപകാരപ്പെടുന്നതാണ്.

പഠനവൈകല്യം നേരിടുന്ന കുട്ടികൾക്കു നേരത്തെതന്നെ വേണ്ട പിന്തുണയും പരിശീലനങ്ങളും നൽകിയില്ലെങ്കിൽ ഭാവിയിൽ ഈ ബുദ്ധിമുട്ടുകൾ കൂടുതൽ സങ്കീർണ്ണമാവുന്നു. പഠനവൈകല്യങ്ങൾ നേരിടുന്നതോടൊപ്പം ചില കുട്ടികൾ ചില മേഖലകളിൽ അസാധാരണമായ

**പഠനവൈകല്യത്തെ മറച്ചുവെക്കുന്നവരും കുട്ടികൾക്ക് വേണ്ട പരിശീലനങ്ങൾ നല്കുന്നതിൽനിന്നും പിന്നോക്കം നിൽക്കുന്നവരുമാണ് മിക്കവാറും രക്ഷിതാക്കൾ.**

സാമർഥ്യവും കഴിവും കാണിക്കാറുണ്ട്. പഠനത്തിൽ ഉള്ള പിന്നോക്കാവസ്ഥ കാരണം അധ്യാപകരും രക്ഷിതാക്കളും ഇത്തരം കഴിവുകളെ കണ്ടില്ലെന്നു നടിക്കുന്നു. പഠനത്തിൽ ഉള്ള പിന്നോക്കാവസ്ഥയുടെ പേരിൽ കുട്ടികളെ നിരന്തരം ക്രൂശിക്കുന്ന രീതിയാണ് ഉള്ളത്. ഇത്തരത്തിൽ ഒരിക്കലും കുട്ടികളെ തളർത്താതെ അവരുടെ അഭിരുചികൾ വളർത്തിയെടുക്കുന്നതിനുവേണ്ട പ്രോത്സാഹനങ്ങളും പിന്തുണയും നൽകുകയുമാണ് വേണ്ടത്.

മറ്റുള്ളവർ അറിഞ്ഞാൽ നാണക്കേടാണ്, അഭിമാനപ്രശ്നമാണ് എന്നൊക്കെ കരുതി പഠനവൈകല്യത്തെ മറച്ചുവെയ്ക്കുന്നവരും കുട്ടികൾക്ക് വേണ്ട പരിശീലനങ്ങൾ നല്കുന്നതിൽനിന്നും പിന്നോക്കം നിൽക്കുന്നവരുമാണ് മിക്കവാറും രക്ഷിതാക്കൾ. എന്നാൽ ഇത്തരം പ്രവണതകൾ തങ്ങളുടെ മക്കളെ കൂടുതൽ പരാജയങ്ങളിലേക്കു തള്ളിവിടാനേ ഉപകരിക്കൂ എന്ന സത്യം ഓരോ രക്ഷിതാവും മനസ്സിലാക്കണം. മാതാപിതാക്കളും അധ്യാപകരും കുട്ടികളെ നിരീക്ഷിക്കുകയും അവരിൽ ഇത്തരത്തിലുള്ള ഏതെങ്കിലും പഠന വൈകല്യങ്ങൾ കാണുകയാണെങ്കിൽ ഒരു സ്പെഷ്യൽ എജ്യുക്കേറ്ററെ സമീപിക്കേണ്ടതുമാണ്. പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിയുകയും പഠനരീതികളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്താൽ ക്രമേണ പഠന വൈകല്യങ്ങളിൽ നിന്ന് പുറത്തുവരുവാൻ കഴിയും. മാതാപിതാക്കൾ അനാവശ്യമായി കുട്ടികളെ കുറ്റപ്പെടുത്താതെ കാര്യവും കാരണവും മനസ്സിലാക്കി അവർക്ക് വേണ്ടുന്ന പിന്തുണ കൊടുക്കുവാൻ ബാധ്യ സ്ഥരാണ്. ഒരു സ്പെഷ്യൽ എഡ്യൂക്കേറ്ററുടെയോ റെമഡിയൽ ടീച്ചറുടെയോ  സഹായ ത്തോടുകൂടി ഈ പ്രതിസന്ധിയെ തീർച്ചയായും അതിജീവിക്കു വാൻ സാധിക്കും. ◉

# എന്റെ ഭാവിയെല്ലാം...

## എന്ന ഗാനത്തിന്റെ പശ്ചാത്തലം

ആശ്വാസഗാനങ്ങളുടെ കനകമുത്ത് എന്ന് വിശേഷിപ്പിക്കാവുന്ന ഒരു ഗാനമാണ് എന്റെ ഭാവിയെല്ലാം എന്റെ ദൈവം അറിയുന്നു എന്നുള്ള പ്രത്യാശാഗാനം. ഭാവിയെക്കുറിച്ചുള്ള ചിന്തകളാണ് പലപ്പോഴും മനുഷ്യരെ അസ്വസ്ഥരും വിഷാദവദനരും ആക്കുന്നത്. എന്നാൽ എന്റെ ഭാവിയെല്ലാം എന്റെ ദൈവം അറിയുന്നു എന്ന ഉറപ്പും ധൈര്യവും നമ്മെ സന്തോഷവും സമാധാനവും ഉള്ളവരാക്കുന്നു. മഹാകവി കെ വി സൈമൺ സാർ, വിശ്വാസസ്നാനം സ്വീകരിച്ചതോടെ അദ്ദേഹം ഉൾപ്പെട്ടു നിന്നിരുന്ന സഭ അദ്ദേഹത്തെ വിസ്തരിക്കുകയും മുടക്കുകയും, അവരുടെ സ്കൂളിലെ തന്റെ ജോലി നിഷേധിക്കുകയും ചെയ്തു. അതെല്ലാം വിശ്വാസത്തിന്റെ പരിശോധനയായി താൻ കണ്ടു. കർത്താവിനെ സ്നേഹിക്കുന്നതിൽ നിന്നോ, ക്രിസ്തുവിനെ പിൻപറ്റുന്നതിനുള്ള തന്റെ തീരുമാനത്തിൽ നിന്നോ, തന്നെ പിന്തിരിപ്പിക്കുവാനൊ വിശ്വാസത്തെ തളർത്തുവാനോ ഈ വിധ പരിശോധനകൾക്ക് ശക്തിയില്ലായിരുന്നു.

കുടുംബത്തിന്റെ ഏക ആശ്രയം ആയിരുന്ന മകൻ വിശ്വാസസ്നാനം ഏറ്റപ്പോൾ മാതാവാണ് ഏറെ വിഷമിച്ചത്. താൻ വലിയ ബഹളം വെക്കുകയും ഒന്ന് രണ്ടു പ്രാവശ്യം മകനെ അടിക്കുകയും, വീട്ടിൽ നിന്ന് ഇറങ്ങിപ്പൊയ്ക്കൊള്ളുവാൻ പറയുകയും ചെയ്തു. അപ്പോഴൊക്കെ സ്തോത്രം എന്നല്ലാതെ അദ്ദേഹം ഒരു വാക്കുപോലും തിരിച്ചു പറയുകയോ, അമ്മയോട് ദേഷ്യപ്പെടുകയോ ചെയ്തില്ല. സ്നാനം ഏറ്റദിവസം വീട്ടിൽ നിന്ന് ഇറങ്ങിപ്പോയ്ക്കൊള്ളുവാൻ പറഞ്ഞതിന്റെ പേരിൽ അന്നേദിവസം വൈകിട്ട് താൻ പഠിപ്പിച്ചിരുന്ന സ്കൂളിൽ ചെന്നു കിടന്നു.

കൂനിന്മേൽ കുരു എന്ന പോലെ, സ്നാനം ഏറ്റതിന്റെ പേരിൽ ജോലി ചെയ്തുകൊണ്ടിരുന്ന സ്കൂളിൽ നിന്ന് പിരിച്ചുവിട്ടത് അതിലേറെ തന്നെ വിഷമിപ്പിച്ചു. കൂടാതെ പലരിൽ നിന്നും നിരവധി പരിഹാസങ്ങളും ഏൽക്കേണ്ടിവന്നു. ജോലിയിൽ നിന്ന് തന്നെ പിരിച്ചുവിട്ടതിനു ശേഷം തനിക്ക് പകരം മാനേജ്മെന്റ് പുതിയതായി നിയമിച്ച അധ്യാപകൻ, സൈമൺ സാറിനെ നീക്കിയ സ്ഥാനത്ത് താൻ ഇരിക്കുവാൻ തയ്യാറല്ല എന്ന് പറയുകയും, തുടർന്ന് അദ്ദേഹം പഠിപ്പിച്ചുകൊണ്ടിരുന്ന ക്ലാസ്സുകളിൽ കുട്ടികൾ വരാതിരിക്കുകയും ചെയ്തു. സ്കൂളിന്റെ ഗ്രാൻഡ് നഷ്ടപ്പെടുമെന്ന സാഹചര്യം വന്നപ്പോൾ സൈമൺസാറിനെ നിർബന്ധിച്ച് ഹെഡ്മാസ്റ്റർ സ്ഥാനത്തേയ്ക്ക് മാനേജ്മെന്റ് വീണ്ടും നിയമിക്കുകയും ചെയ്തു. ജോലിയിൽ ഇരിക്കുമ്പോൾത്തന്നെ പല സ്ഥലങ്ങളിൽ അദ്ദേഹം ശുശ്രൂഷയ്ക്ക് കടന്നു പോകുമായിരുന്നു. ശുശ്രൂഷകൾക്കുള്ള അവസരങ്ങൾ കൂടുതൽ ദൈവം ഒരുക്കിയപ്പോൾ മാന്യമായ ആ ഉദ്യോഗം രാജിവെച്ച് കർത്താവിനു വേണ്ടി പൂർണസമയം അധ്വാനിക്കാൻ തീരുമാനിച്ചു. 1883 ലാണ് അദ്ദേഹം ഉദ്യോഗം രാജിവെച്ച് പൂർണസമയ സുവിശേഷവേലയ്ക്ക് ഇറങ്ങുന്നത്.

ഇത്തരുണത്തിൽ ഭാവിയെക്കുറിച്ചുള്ള ആകുലചിന്തകൾ തന്റെ മനസ്സിൽ കടന്നുവന്നു. കുടുംബത്തിന്റെ ആവശ്യങ്ങളും ദൈവവേലയ്ക്ക് ആവശ്യമായ ഭൗതികനന്മകളും എങ്ങനെ നിറവേറ്റപ്പെടും എന്നതിന് യാതൊരു നിശ്ചയവും തനിക്ക് ഇല്ലായിരുന്നതിനാൽ താൻ അസ്വസ്ഥനായി. ഒരു ചുവട് മാത്രം വെയ്ക്കുവാൻ ഇടം ഉണ്ടായിരുന്ന ആ സമയത്ത്, എന്നെ തനിച്ച് വിടാതെ എന്റെ വലതു കൈക്ക് പിടിച്ച് ദൈവം നടത്തുമെന്നും, ദൈവം എന്റെ ഭാവി എല്ലാം അറിയുന്നു എന്നുമുള്ള വരികൾ ആത്മനിയോഗത്തിൽ അദ്ദേഹം കുറിച്ചു. കാഴ്ചപ്രകാരം ഞാൻ നടക്കുകയാണെങ്കിൽ എനിക്ക് പ്രശംസിക്കാൻ എന്തുണ്ട്? അതിനാൽ വിശ്വാസത്താൽ നടക്കുവാൻ എന്റെ ദൈവം കൃപ തരും എന്ന് അദ്ദേഹം കടലാസിൽ എഴുതി. ഇപ്പോൾ ഞാൻ ഇരുളിൽ ആണെങ്കിലും ദിനംപ്രതി ഉണ്ടാകുന്ന വിഷമതകൾ സഹിച്ച് വിരുതിനായി ഓടും എന്ന് അദ്ദേഹം പാടി. ഭാവിയെക്കുറിച്ച് ഭാരപ്പെട്ട് ജീവിതം വഴിമുട്ടി എന്നു തോന്നിയ സന്ദർഭങ്ങളിൽ അനേകർക്കു ഈ ഗാനം അന്നു മുതൽ ഇന്നു വരെ ആശ്വാസം നൽകിക്കൊണ്ടിരിക്കുന്നു. ■

കടപ്പാട്



റോയ് മാർക്കര

# ഇരകളെ ജയാളികളാക്കുന്ന ക്രൂശ്...!

**യേ**ശുവിനെ മഹത്വവും ബഹുമാനവും തേജസും അണിഞ്ഞവനായി വെളിപ്പാട് പുസ്തകത്തിൽ ദൈവം തന്നെ വെളിപ്പെടുത്തി യിരിക്കുന്നു. അവിടെ അണിഞ്ഞവനായി എന്ന് പറയുന്നത് കിരീടം അണിഞ്ഞവനായിട്ടാണ്. എന്നാൽ മഹത്വം കിരീടമായി അണിയുന്നതിന് മുമ്പ് യേശു മുൾക്കിരീടം അണിഞ്ഞിരുന്നു. ആ മുൾക്കിരീടം ഒന്നിന്റെയും അവസാനമായിരുന്നില്ല. അത് താൽക്കാലികമായിരുന്നു. ഇപ്പോൾ യേശുവിനെ തേജസ്ക്കരിക്കപ്പെട്ടവൻ ആയി നാം കാണുന്നു. എന്നാൽ തേജസ്ക്കരണത്തിനു മുമ്പ് ഒരു ക്രൂശീകരണം ഉണ്ട്. ക്രൂശീകരണത്തിന് മുമ്പ് ഒറ്റപ്പെടലും ഒറ്റപ്പെടലിന് മുമ്പ് വഞ്ചനാപരമായ കാണിച്ചു കൊടുക്കലും ഉണ്ട്. കാണിച്ചു കൊടുക്കുന്നതിനു മുമ്പ് ശത്രുക്കളുടെ സംഘം ചേരലുമുണ്ട്. വാസ്തവത്തിൽ കാണിച്ചു കൊടുക്കൽ എന്ന വാക്കിന് അർത്ഥവ്യാപ്തി വന്നത് യേശുവിന്റെ ക്രൂശീകരണത്തിനു ശേഷമാണ്. ക്രൈസ്തവരല്ലാത്ത നേതാക്കന്മാർ പോലും യൂദാസ് യേശുവിനെ 30 വെള്ളിക്കാശിനു ഒറ്റിക്കൊടുത്തു എന്ന് പറയാറുണ്ട്. അതിനു മുമ്പും ഒറ്റിക്കൊടുക്കൽ ഉണ്ടായിരുന്നു. പലരും പലരുടെയും ഒറ്റിക്കൊടുക്കലിന് ഇരയായിട്ടുമുണ്ട്. എങ്കിലും ഈ പദത്തിന് പ്രസക്തി കൈവന്നത് യേശുവിനെ ഒറ്റിക്കൊടുത്തതിന് ശേഷമാണ്.

എവിടെയെല്ലാം ഒറ്റിക്കൊടുക്കൽ കാണുന്നുണ്ടോ അതെല്ലാം ഏറ്റവും അടുത്ത സൗഹൃദക്കൂട്ടങ്ങളിൽ നിന്നാണ് ഉണ്ടായിട്ടുള്ളത്. നാം എല്ലാവരും ഒരു പ്രായപരിധി കഴിയുമ്പോൾ ഏതെങ്കിലും സന്ദർഭത്തിൽ ഈ അനുഭവത്തിലൂടെ കടന്നു പോകേണ്ടിവരും. അത്തരം സന്ദർഭങ്ങളിൽ നാം ഒരിക്കലും നമ്മെത്തന്നെ ഇരകളെന്നെണ്ണി നിരാശരായി ജീവിക്കരുത്. അങ്ങനെ വന്നാൽ അതിനു കാരണക്കാരായവരോടുള്ള വെറുപ്പിന്റെ കറുത്ത പാടുകൾ എപ്പോഴും നമ്മുടെ ഹൃദയത്തിൽ ശേഷിക്കും. അതിനെ മന:പ്പൂർവ്വമായി നാം ജയിക്കണം. യേശുവിനെ ഒറ്റിക്കൊടുത്തപ്പോൾ താൻ കേവലം ഇര (Victim) ആയി തുടരാതെ അതിനെ ജയിച്ചു ജയാളിയായി (victor). അങ്ങനെ ജയിക്കുമ്പോൾ വെറുപ്പിന്റെ കറുത്ത പാടുകൾ താനേ അപ്രസക്തമായി മാഞ്ഞു പോകും. ഇക്കാര്യത്തിൽ നമുക്ക് മാതൃക ക്രിസ്തുവാണ്.

ലോകമനുഷ്യനും ഒറ്റിക്കൊടുക്കപ്പെടാറുണ്ട്. ദൈവപൈതലും ഈ അനുഭവത്തിൽ വരുന്നു. എന്നാൽ ഇതിന്റെ രണ്ടിന്റെയും ആഘാതം രണ്ട് വിധത്തിലാണ്. നാം എങ്ങനെ ഒറ്റിക്കൊടുക്കലിനെ കാണുന്നു എന്നുള്ളതാണ് പ്രധാന വിഷയം. ഒറ്റിക്കൊടുക്കലിനെയും അതിന്റെ കാരണക്കാരെയും പഴിചാരിക്കൊണ്ടിരുന്നാൽ അതിന്റെ വേദനയിൽ നിന്ന് പുറത്തു വരുവാൻ ഒരിക്കലും ആർക്കും കഴിയില്ല. അവിടെയാണ് നാം യേശുവിനെ ശ്രദ്ധിച്ചു നോക്കേണ്ടതിന്റെ പ്രാധാന്യം. യേശു എങ്ങനെയാണ് ഈ ഒറ്റിക്കൊടുക്കലിനെ അതിജീവിച്ചത്? തന്നെ ഒറ്റിക്കൊടുത്തവരോട് ഹൃദയപൂർവ്വം ക്ഷമിച്ചും അവർക്കു വേണ്ടി പ്രാർത്ഥിച്ചുകൊണ്ടുമാണ് യേശു അതിനെ അതിജീവിച്ചത്. ഒറ്റിക്കൊടുക്കലിന്റെ കറുത്ത പാടുകൾ ആരുടെയെങ്കിലും ഹൃദയത്തിൽ എവിടെയെങ്കിലും അവശേഷിച്ചിട്ടുണ്ടെങ്കിൽ അവരോടു ഹൃദയപൂർവ്വം

ക്ഷമിച്ചു കൊണ്ട് അതിൽ നിന്ന് പുറത്തു വരേണ്ട തു അനിവാര്യമാണ്. അതായതു ഒരിക്കലും ഇരയായി തുടരാതെ വിജയികളാവുക.

എബ്രായ ലേഖനം രണ്ടാം അധ്യായം ഒമ്പതാം വാക്യത്തിൽ നാം ഇങ്ങനെ കാണുന്നു; 'എങ്കിലും ദൈവകൃപയാൽ എല്ലാവർക്കുംവേണ്ടി മരണം ആസ്വദിപ്പാൻ, ദൂതന്മാരിലും അല്പം ഒരു താഴ്ച വന്നവനായ യേശു, മരണം അനുഭവിച്ചതു കൊണ്ട് അവനെ മഹത്ത്വവും ബഹുമാനവും അണിഞ്ഞവനായി നാം കാണുന്നു'. ഇവിടെ നാം കാണുന്നത് ദൈവകൃപയാൽ മരണം ആസ്വദിക്കു വാൻ എന്ന പ്രയോഗമാണ്. മരണം രുചിച്ച, ആസ്വദിച്ച യേശു എന്നർത്ഥം. മനുഷ്യജീവിത ത്തിലെ ഏറ്റവും കൈപ്പേറിയ അനുഭവം എന്നത് മരണമാണ്. മനുഷ്യൻ കൈപ്പേറിയ ഒരുപാട് അനുഭവങ്ങളെ അഭിമുഖീകരിക്കാറുണ്ട്. പ്രതികൂ ലങ്ങളും കഷ്ടതകളും രോഗങ്ങളും ബുദ്ധിമു ട്ടുകളും ഒക്കെ അവന്റെ ജീവിതത്തിൽ വരുന്ന കൈപ്പേറിയ അനുഭവങ്ങളാണ്. എന്നാൽ കർത്താവ് കടന്നുപോയ പീഡാനുഭവങ്ങളെ ക്കുറിച്ച് ചിന്തിക്കുമ്പോൾ കർത്താവ് സന്തോഷ ത്തോടെ കഷ്ടം സഹിച്ചു എന്നാണ് മനസിലാ ക്കേണ്ടത്. ക്രിസ്തീയതയുടെ ഏറ്റവും പ്രധാന പ്പെട്ട ഒരു തലമാണ് സഹിക്കുക എന്നത്.

ഒരു ഭക്തന് ലഭിക്കാവുന്ന ഏറ്റവും വലിയ ബഹുമതി ലോകത്തിലെന്തെങ്കിലും സ്ഥാന ങ്ങളോ പദവികളോ പ്രശംസകളോ ഒന്നുമല്ല, പ്രത്യുത അവൻ ക്രിസ്തുവിനോട് താദാത്മ്യം പ്രാപിക്കുക എന്നതാണ്. ജീവിതത്തിൽ എന്തൊക്കെ പ്രാപിച്ചാലും യേശുവിന്റെ സ്വഭാ വത്തോട് അനുരൂപപ്പെടുന്നില്ലായെങ്കിൽ നാം ക്രിസ്തീയജീവിതത്തെ നിസാരവൽക്കരിച്ചു കാണുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. ക്രിസ്തുവിനോട് അനുരൂപപ്പെടുന്നു എന്നു ള്ളതിന്റെ പ്രധാന ഘടകം സഹനം എന്നുള്ള താണ്. സഹനത്തിന് ഏറ്റവും ഉത്തമദൃഷ്ടാന്തം യേശുവാണ്. യേശുവിനു പകരംവയ്ക്കുവാനും അവിടുത്തെ സ്വഭാവത്തോട് തുലനം ചെയ്യു വാനും ലോകത്തിൽ ആരുമില്ല. യേശുവിന്റെ സഹനത്തെക്കുറിച്ച് ഏറ്റവും കൂടുതൽ സാക്ഷ്യ പ്പെടുത്തിയത് യോഹന്നാനാണ്.

കർത്താവിന്റെ സഹനങ്ങളെക്കുറിച്ച് പ്രവാചക ന്മാരിൽ ഏറ്റവും കൂടുതൽ വെളിപ്പാട് ലഭിച്ചത് യെശയ്യാവിനാണ്. അത് ദർശനമായി തനിക്കു ലഭിച്ചു. എന്നാൽ അത് നേർക്കുനേർ കണ്ടത് അപ്പോസ്തലനായ യോഹന്നാൻ മാത്രമാണ്. യേശുവിനെ അറസ്റ്റ് ചെയ്ത രാത്രി കൂടെയുള്ള മറ്റു ശിഷ്യന്മാർ ഓരോരുത്തരായി ഓടിപ്പോ കുവാൻ തുടങ്ങി. അവസാനം അവശേഷിച്ചത് രണ്ടുപേർ മാത്രമായിരുന്നു. പത്രോസും യോഹന്നാനും. അറസ്റ്റ് ചെയ്തതിനു ശേഷം മാറിമാറി പല ഇടങ്ങളിൽ യേശുവിനെ വിസ്തരിച്ചു. യേശുവിനെ വിസ്തരിച്ച ആദ്യ സ്ഥലത്തു മാത്രമേ പത്രോസ് ഉണ്ടായിരു ന്നുള്ളൂ. അതിനപ്പുറത്തേക്ക് യോഹന്നാൻ മാത്രമേ കടന്നു ചെന്നുള്ളൂ. യേശുവിന്റെ കൂടെ മൂന്നു മലകളിൽ എങ്കിലും യോഹന്നാൻ പോയിട്ടുണ്ട്. ശിഷ്യന്മാരുമായി യേശു കടന്നു പോയ ആദ്യമല ഗിരിപ്രഭാഷണ മലയാണ്. രണ്ടാമത്തെ മലയെ കുറിച്ച് പറയുന്നത് മറുരൂപ മല എന്നാണ്. അവിടെ യേശുവിന്റെ ശിഷ്യ ന്മാരിൽ മൂന്നുപേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. മൂന്നാമതു തലയോടിടം എന്നർത്ഥമുള്ള ഗോല് ഗോഥാ മലയിൽ ശിഷ്യന്മാരിൽ ഒരാൾ മാത്രമേ എത്തിച്ചേർന്നുള്ളൂ. അത് യോഹന്നാൻ അപ്പോ സ്തലനായിരുന്നു. യേശുവിന്റെ എല്ലാ കഷ്ടാനു ഭവങ്ങൾക്കും യോഹന്നാൻ നേർസാക്ഷിയാ യിരുന്നു. യേശുവിനെ ക്രൂശിപ്പാൻ കൊണ്ടു പോകുമ്പോഴും ക്രൂശിക്കപ്പെട്ടതിനു ശേഷവും ക്രൂശിന് അരികിൽ നിന്ന് വിട്ടു മാറുവാൻ മനസ്സി ല്ലാതെ അവിടെ നിന്നത് യോഹന്നാൻ അപ്പോസ്തലൻ മാത്രമായിരുന്നു. അതുകൊണ്ടു യോഹന്നാനാണ് യേശുവിന്റെ കഷ്ടാനുഭവ ങ്ങളിൽ ദൃക്സാക്ഷിയായത്. വെളിപ്പാട് പുസ്ത കത്തിൽ യേശുവിന്റെ കഷ്ടാനുഭവങ്ങളിലും സഹിഷ്ണുതയിലും കൂട്ടാളിയായ യോഹന്നാൻ എന്നാണ് കാണുന്നത്. ഈയൊരു സാക്ഷ്യം യേശുവിന്റെ മറ്റ് അപ്പോസ്തലന്മാർക്കാർക്കും അവകാശപ്പെടുവാൻ അർഹതയില്ല.

ഏറ്റവും കൂടുതൽ കഷ്ടതയിൽ കൂടി കടന്നു പോകുമ്പോഴാണ് ഒരു വ്യക്തിയുടെ സ്വഭാവം വെളിപ്പെടുന്നത്. മൂന്നര വർഷത്തെ യേശുവിന്റെ കൂടെയുള്ള വാസത്തിൽ യോഹന്നാൻ യേശു വിനെ ഏറ്റവും കൂടുതൽ അടുത്തറിഞ്ഞത് തന്റെ പീഡാനുഭവങ്ങളുടെ സമയത്താണ്. കർത്താ വിന്റെ സ്വഭാവത്തെ ഏറ്റവും കൂടുതൽ യോഹ ന്നാൻ മനസ്സിലാക്കിയത് ക്രൂശീകരണ സമയ ത്താണ്. പിന്നീട് യോഹന്നാനെ കാണുന്നത് സ്നേഹത്തിന്റെ അപ്പോസ്തലൻ ആയിട്ടാണ്. ഒരുവൻ എത്രമാത്രം രൂപാന്തരപ്പെട്ടു എന്ന്

കർത്താവിന്റെ ശുശ്രൂഷയിൽ രണ്ട് ക്രൂശ് ഉണ്ടായിരുന്നു. ഒന്ന് അപമാനത്തിന്റെ ക്രൂശ്. മറ്റൊന്ന് അഭിമാനത്തിന്റെ ക്രൂശ്. ആദ്യം യേശുവിന്റെ മുമ്പിൽ വന്നത് അഭിമാനത്തിന്റെ ക്രൂശാണ്. പിശാചിനെ വീണുനമസ്കരിച്ചാൽ ലോകത്തിന്റെ പ്രശസ്തിയും പദവിയും അധികാരവും എല്ലാം ലഭിക്കും എന്നുള്ളതായിരുന്നു അഭിമാനത്തിന്റെ ക്രൂശ്. എന്നാൽ യേശു അതിന്റെ ഭവിഷ്യത്ത് തിരിച്ചറിഞ്ഞ് അതിനെ നിരസിച്ചു കൊണ്ട് പരാജയപ്പെടുത്തി. ക്രൂശിലേക്കുള്ള തന്റെ പാതയിൽ തടസ്സമായിരുന്ന ഒന്നിനെയും യേശു അംഗീകരിച്ചിരുന്നില്ല. ലക്ഷ്യസാക്ഷാത്ക്കരണത്തിലേക്കുള്ള യാത്രയിൽ തടസ്സമായിരുന്ന സകലത്തെയും അതിജീവിച്ച ഒരേ ഒരാൾ യേശുവാണ്. ക്രൂശിൽ നിന്ന്, തന്നെ വ്യതിചലിപ്പിക്കുന്ന ഒരു കാര്യവും ഒരത്ഭുതവും കർത്താവ് ചെയ്തില്ല. ക്രൂശിലേക്കുള്ള യാത്രയ്ക്ക് ചേരുന്ന കാര്യങ്ങളായിരുന്നു യേശു ചെയ്തതു മുഴുവൻ. ആദിയിങ്കൽ കൈപ്പായിരുന്നുവെങ്കിലും അവസാനം മാധുര്യമായിരുന്നു. ക്രൂശിന്റെ പാതയിലൂടെ യാത്ര ചെയ്തു കൈപ്പേറിയ അനുഭവങ്ങളെ നേരിടേണ്ടി വരുമ്പോൾ സന്തോഷത്തോടെ അത് സഹിക്കുന്നുവെങ്കിൽ അതിനപ്പുറം മഹത്വകരമായ അനുഭവത്തെ രുചിച്ചറിയുവാൻ നമുക്കും സാധിക്കും.

യേശുവിന്റെ ക്രൂശീകരണം നടന്ന അന്നുവരെ ക്രൂശുമരണത്തെ ശാപമരണം ആയിട്ടായിരുന്നു ലോകം കണ്ടിരുന്നത്. അന്നുവരെ ക്രൂശിൽ മരിച്ച ഒരുവനും തിരിച്ചുവന്ന ചരിത്രമില്ലായിരുന്നു. ക്രൂശ് ശാപത്തിന്റെയും ഒറ്റപ്പെടലിന്റെയും അടയാളമായിരുന്നു. ലോകം ക്രൂശിനെ എല്ലാറ്റിന്റേയും അവസാനമായി കണ്ടു. എന്നാൽ യേശു ക്രൂശിനെ കണ്ടത് ഒരു പുതുയുഗത്തിന്റെ പിറവി ആയിട്ടായിരുന്നു. ജീവിതത്തിലെ പ്രതികൂലങ്ങളെ കർത്താവിന്റെ മനോഭാവത്തോടെ കാണുവാൻ നമ്മിലെത്ര പേർക്ക് കഴിയുന്നുണ്ട്? ലോകമനുഷ്യന്റെ മനോഭാവം ഒരിക്കലും നമുക്കുണ്ടാകരുത്. എല്ലാ പ്രതീക്ഷകളും ക്രൂശിൽ അസ്തമിച്ചു എന്നാണ് ലോകമനുഷ്യന്റെ മനോഭാവം. കർത്താവിന്റെ മനോഭാവത്തോടെ നമ്മുടെ പ്രതിസന്ധികൾ ആകുന്ന ക്രൂശിനെ നാം കാണുന്നുവെങ്കിൽ ആരും രുചിക്കാത്ത സന്തോഷം അതിനപ്പുറത്ത് നമുക്ക് അനുഭവിക്കാൻ കഴിയും. ●

മനസ്സിലാക്കുന്നത് യേശുവിനോടുള്ള കൂട്ടായ്മയുടെ ആഴം മനസ്സിലാക്കുമ്പോഴാണ്. അത് ആഴ്ചയിൽ ഒരിക്കൽ ഉള്ള കൂട്ടായ്മയിൽ ഒതുങ്ങുന്നതല്ല. കർത്താവിന്റെ കൂട്ടായ്മയിൽ എല്ലായ്പ്പോഴും കഴിയുന്ന ആളുകൾ, ഒരുമിച്ചു കൂടിവന്നു ആരാധിക്കുമ്പോഴാണ് ആരാധനയുടെ മഹത്വം വെളിപ്പെടുന്നത്. എല്ലാവരും യേശുവിനോടുള്ള കൂട്ടായ്മ അനുഭവിച്ചു വേണം സഭായോഗത്തിൽ സംബന്ധിക്കുവാൻ. ഉണർവിന്റെ അനുഭവം ഉണ്ടാകണമെങ്കിൽ യോഹന്നാനെപ്പോലെ സമർപ്പണത്തിന്റെയും കഷ്ടതയുടെയും പാതകളിലൂടെ കടന്നുപോ യിരിക്കണം. അപ്പോഴാണ് ക്രൂശിൽ നിന്ന് ഒഴുകിയ ദൈവസ്നേഹം വിശ്വാസികളായ നമുക്കും ദർശിക്കുവാൻ കഴിയുന്നത്. യേശുവിന്റെ ശിഷ്യ ന്മാരുടെ കൂട്ടത്തിൽ ഇല്ലാതിരുന്ന പൗലോസ് ദമസ്കൊസിലേക്കുള്ള യാത്രാമദ്ധ്യേ മുതൽ വെളിപ്പാടിനാൽ യേശുവിന്റെ സ്നേഹം അനുഭവിച്ചിരുന്നു. കാരാഗൃഹത്തിൽ കിടന്നു താൻ ഫിലിപ്പിയ ലേഖനം എഴുതുമ്പോൾ എനിക്ക് ഇനിയും യേശുവിന്റെ കൂട്ടായ്മ അനുഭവിച്ചറിയണം എന്നാണ് എഴുതിയത്.

മാനവചരിത്രത്തിൽ ഏറ്റവും വലിയ അനുസരണം കാണുവാൻ കഴിയുന്നത് ഗത്സമന മുതൽ കാൽവറി വരെയാണ്. ഇങ്ങനെ ഒരു അനുസരണം ഇതിന് മുമ്പും ഇതിനുശേഷവും ഉണ്ടായിട്ടില്ല. അത് യേശുവിന്റെ അനുസരണം ആയിരുന്നു. യേശുവിന്റെ ഈ തികഞ്ഞ അനുസരണത്തിൽ നിന്നാണ് നാം അനുഭവിക്കുന്ന ആത്മീയ അനുഗ്രഹങ്ങളും സകല നന്മകളും ലഭിക്കുവാൻ കാരണമായത്. സകലർക്കും വേണ്ടി അവിടുന്ന് മരണം ആസ്വദിച്ചു. ഭൂമിയിലേക്ക് താൻ വരുമ്പോൾ, തനിക്ക് ഒരു പാനപാത്രം കുടിക്കുവാൻ ഉണ്ടായിരുന്നു എന്ന് മുന്നമേ തന്നെ കർത്താവിന് അറിയാമായിരുന്നു. അതറിഞ്ഞു കൊണ്ട് തന്നെയാണ് ഭൂമിയിൽ താൻ മനുഷ്യജന്മം എടുത്തത്. യേശു ചെയ്ത ഏറ്റവും വലിയ അത്ഭുതം മരണത്തെ ക്രൂശിൽ പരാജയപ്പെടുത്തി എന്നുള്ളതാണ്. മറ്റ് അത്ഭുതങ്ങൾ എല്ലാം ഇതിന്റെ താഴെ മാത്രമേ നിൽക്കുകയുള്ളൂ. ശരീരത്തിൽ സംഭവിക്കുന്ന അത്ഭുതങ്ങൾ മുഴുവൻ മരണം കൊണ്ട് അവസാനിക്കുന്നു. എന്നാൽ മരണത്തെ തോൽപ്പിക്കുവാൻ യേശു ക്രൂശിൽ ചെയ്ത അത്ഭുതം നിത്യത മുഴുവൻ നിലനിൽക്കുന്നു.



ജെസ്സി സാജു



# വചനം സന്തോഷിപ്പിക്കുക മാത്രമോ ചെയ്യുന്നത്?

**വേ**ർപെട്ട ദൈവമക്കളുടെ സഭായോഗങ്ങളിൽ വിശ്വാസികൾ സാക്ഷി പറയുക എന്നത് സാധാരണമാണ്. സാക്ഷ്യം പറഞ്ഞവസാനിപ്പിക്കുമ്പോൾ, വിശേഷാൽ സഹോദരിമാരുടെയിടയിൽ സ്ഥിരം കേൾക്കാറുള്ള ഒരു പല്ലവിയാണ് എന്നെ സന്തോഷിപ്പിച്ച ഒരു വാക്യം വായിച്ചുകൊണ്ട് ഇരുന്നുകൊള്ളാം എന്നത്. അതെ, തീർച്ചയായും പല വാക്യങ്ങളും നമ്മെ സന്തോഷിപ്പിക്കുന്നതാണ്, ആശ്വസിപ്പിക്കുന്നതുമാണ്. എന്നാൽ ഗഹനമായി ഈ പല്ലവി നാം ചിന്തിക്കുന്ന പക്ഷം നമ്മെ സന്തോഷിപ്പിക്കുന്നതും ആശ്വസിപ്പിക്കുന്നതും മാത്രമാണോ വേദപുസ്തകത്തിലെ വാക്യങ്ങൾ? ചില വാക്യങ്ങൾ നമ്മെ മാനസാന്തരത്തിലേക്കും അനുതാപത്തിലേക്കും തീരുമാനത്തിലേക്കും ക്രമീകരണത്തിലേയ്ക്കും നയിക്കുന്നതാണ്. മറ്റു ചിലപ്പോൾ അവ നമ്മെ കീറിമുറിക്കുന്നതും ഹൃദയത്തെ കത്തിക്കുന്നതും ആവാം. ധനികനായ യുവാവിനെ യേശുവിന്റെ വചനം ദു:ഖിപ്പിക്കുകയാണ് ചെയ്തത്. അതുകൊണ്ടാണല്ലോ അവൻ ദു:ഖിതനായി പൊയ്ക്കളഞ്ഞു എന്ന് എഴുതിയിരിക്കുന്നത്.

എന്നാൽ 'പഠിച്ചതെ പാടൂ' എന്നു പറയുന്നതുപോലെ നാം സാക്ഷി പറയുമ്പോൾ എന്നെ സന്തോഷിപ്പിച്ച ഒരു വാക്യം വായിച്ചു കൊണ്ട് ഇരുന്നു കൊള്ളാം എന്നു ആരോ പറഞ്ഞത്, പിന്നീട് ഒരു സ്ഥിരം പല്ലവി പോലെ അർത്ഥശൂന്യമായ ആവർത്തനം ആയിപ്പോയി. എന്നെ കീറിമുറിച്ച ഒരു വാക്യം വായിച്ചുകൊണ്ട് ഇരുന്നുകൊള്ളാം എന്നോ, എനിക്ക് രൂപാന്തരം വരുത്തിയ ഒരു വാക്യം വായിച്ചു കൊള്ളാം എന്നോ പൊതുവെ പറഞ്ഞു കേൾക്കാറില്ല.

എമ്മാവൂസിലേയ്ക്ക് പോയ ശിഷ്യന്മാരോട് യേശുകർത്താവ് ദൈവവചനം സംസാരിച്ചപ്പോൾ അവരുടെ ഹൃദയം കത്തിക്കൊണ്ടിരുന്നു. 'അവൻ വഴിയിൽ നമ്മോട് സംസാരിച്ചു തിരുവെഴുത്തുകളെ തെളിയിക്കുമ്പോൾ നമ്മുടെ ഹൃദയം നമ്മുടെ ഉള്ളിൽ കത്തിക്കൊണ്ടിരുന്നില്ലയോ എന്നു അവർ തമ്മിൽ പറഞ്ഞു' ( ലൂക്കോസ് 24: 32). പെന്തക്കോസ്തുനാളിൽ ശിഷ്യന്മാർ പരിശുദ്ധാത്മ നിറവ്

പ്രാപിച്ചത് കണ്ട് ഓടിക്കൂടിയ ജനങ്ങളോട് പത്രോസ് പ്രസംഗിച്ച വചനം കേട്ട് അവരുടെ ഹൃദയത്തിൽ കുത്തുകൊണ്ടു. (അപ്പോസ്തല പ്രവർത്തികൾ 2:37) 'ഇതു കേട്ടിട്ടു അവർ ഹൃദയത്തിൽ കുത്തുകൊണ്ടു പത്രൊസിനോടും ശേഷം അപ്പൊസ്തലന്മാരോടും: സഹോദര ന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടു എന്നു ചോദിച്ചു'. ദൈവവചനം അവരുടെ ഹൃദയത്തെ കുത്തി. ആ ദൈവവചനം അവരെ മാനസാന്തരത്തിലേക്ക് നയിച്ചു.

എമ്മാവൂസിലേയ്ക്ക് പോയ ശിഷ്യന്മാർ വചനകേൾവിയിൽ ഹൃദയം കത്തിയപ്പോൾ അവർ യെരുശലേമിലേക്ക് മടങ്ങിപ്പോകുന്നതാണ് നാം കാണുന്നത്. 'ആ നാഴികയിൽ തന്നേ അവർ എഴുന്നേറ്റു യെരൂശലേമിലേക്കു മടങ്ങിപ്പോന്നു' (ലൂക്കോസ്24 :33) അതുപോലെ പെന്തക്കോസ്ത് നാളിൽ പത്രോസ് വചനം സംസാരിച്ചപ്പോൾ വചനത്താൽ കുത്തുകൊണ്ടവർ മാനസാന്തരപ്പെട്ട് ദൈവസഭയോട് ചേരുന്നതാണ് കാണുന്നത്. എബ്രായർ 4:12 ൽ ദൈവവചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുവിക്കും വരെ തുളെച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു. ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതാണ്. ദൈവത്തിന്റെ വചനം ജീവൻ തരിക മാത്രമല്ല, സദാസമയവും ഉത്സാഹിപ്പിക്കുന്നതും പ്രവർത്തനനിരതവുമാണ്.

വചനം ആത്മാവിന്റെ വാളാണ്. വചനം പറയുന്ന വ്യക്തിക്കും കേൾക്കുന്ന വ്യക്തിക്കും അത് ഒരുപോലെ ബാധകമാണ്. അതായത് ദൈവവചനം പറയുന്ന വ്യക്തിയെയും കേൾക്കുന്ന വ്യക്തിയെയും കീറും. വചനം എവിടെല്ലാം ആണ് തുളച്ചു ചെല്ലുന്നത്? അത് നമ്മുടെ പ്രാണനിലും ആത്മാവിലും സന്ധിമജ്ജകളിലും. For the word of God is quick, and powerful, and sharper than any two edged sword, piercing even to the dividing asunder of soul and spirit, and of the joints and marrow, and is a discerner of the thoughts and intents of the heart. നമ്മുടെ ചിന്തകളുടെയും വികാരങ്ങളുടെയും ഉറവിടമായ പ്രാണനിലും ആത്മാവിലും വചനം കയറിച്ചെന്ന്, മനസ്സിലൂടെയും വികാരങ്ങളിലൂടെയും കയറിപ്പോയ ചിന്തകളെ വരെ വിവേചിച്ച്, ശരിയേത് തെറ്റേത് എന്ന് നമ്മെ ഓർമിപ്പിക്കുന്നതാണ് ദൈവവചനം.

ജീവനുള്ള ദൈവവചനം ദൈവിക പ്രവർത്തിയിലേക്ക് വഴി നടത്തുന്നു. അടുത്ത വാക്യത്തിൽ പറയുന്നത് 'ദൈവത്തിനു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല; സകലവും തന്റെ കണ്ണിനു നഗ്നവും മലർന്നതുമായി കിടക്കുന്നു; ദൈവവുമായിട്ടാകുന്നു നമുക്കു കാര്യമുള്ളതു എന്നാണ്'

ദൈവം ആരാണെന്നും അവിടുത്തെ കണ്ണിനു മുമ്പിൽ മറയ്ക്കാൻ ഒന്നുമില്ലെന്നും നാം മനസിലാക്കുന്നത് ദൈവവചന ധ്യാനത്തിലൂടെയാണ്. ദൈവവചന ധ്യാനം അത്യന്താപേക്ഷിതമാണ്. വചന വായനയിലൂടെ മാത്രമേ നമുക്ക് ദൈവത്തിന്റെ മനസ്സും അവിടുത്തെ ഹിതവും അറിയുവാൻ കഴിയുകയുള്ളൂ. നാം ഓരോരുത്തരെ കുറിച്ചും ദൈവത്തിന് ഒരു പദ്ധതിയുണ്ട്. ആ പദ്ധതി എന്താണെന്ന് മനസ്സിലാക്കാൻ പ്രാർത്ഥനയോടും ധ്യാനത്തോടും ദൈവവചനം വായിച്ചെങ്കിൽ മാത്രമേ തന്റെ ഹിതം നമുക്ക് മനസിലാവുകയുള്ളൂ.

നാം പാട്ടുപാടുമ്പോഴും പ്രാർത്ഥിക്കുമ്പോഴും ആരാധിക്കുമ്പോഴും ദൈവത്തോട് സംസാരിക്കുകയാണ്. എന്നാൽ എപ്പോഴാണ് ദൈവം നമ്മോട് സംസാരിക്കുന്നത്? വചന ധ്യാനത്തിലൂടെയാണ് ദൈവം നമ്മോട് സംസാരിക്കുന്നത്. അതുകൊണ്ടാണ് ദൈവവചന പാരായണം അത്യന്താപേക്ഷിതമായിരിക്കുന്നത്. നാം ഒരു നേരം ഭക്ഷണം കഴിച്ചില്ലെങ്കിൽ അതിന്റെ ക്ഷീണം നമ്മുടെ ശരീരത്തിൽ നമുക്കനുഭവപ്പെടും. ഒരാഴ്ച കഴിച്ചില്ലെങ്കിൽ അതിന്റെ ബുദ്ധിമുട്ട് കുറേക്കൂടി ഏറിവരും. എന്നാൽ 30, 40 ദിവസങ്ങളിലേക്ക് അത് നീങ്ങിയാൽ വീണ്ടും നമ്മുടെ ശരീരം തളർന്ന് തളർന്ന് നമുക്ക് ഒട്ടും വിശപ്പില്ലാത്ത ഒരവസ്ഥയിലേക്ക് നീങ്ങും. പിന്നീട് അത് മാരകരോഗങ്ങൾക്കും ചിലപ്പോൾ മരണത്തിനു പോലും കാരണമായേക്കാം. ഇതുപോലെ തന്നെ ആത്മാവിന്റെ വളർച്ചയ്ക്ക് ദൈവവചനം കൂടിയേ തീരൂ. അത് നാം ഒരു ദിവസം ഭുജിച്ചില്ലെങ്കിൽ അതായതു ഒരു ദിവസം വായിച്ച് ധ്യാനിച്ചില്ലെങ്കിൽ അതിന്റേതായ ആത്മീയക്ഷീണം നമ്മിലുണ്ടാകും, നീണ്ടുപോയാൽ അത് ആത്മീയ മരണത്തിലേയ്ക്ക് നയിക്കും. ആത്മാവിൽ നാം മരിക്കാതിരിക്ക

ണമെങ്കിൽ, നമ്മുടെ ആത്മീയജീവൻ നിലനിർത്തണമെങ്കിൽ, ജീവൻ നൽകുന്ന വചനം എല്ലാ ദിവസവും വായിച്ചു ധ്യാനിക്കണം.

വചനവായനയും ധ്യാനവും നമ്മെ രൂപാന്തരപ്പെടുത്തും. പണ്ടുകാലത്ത് ക്രിസ്തീയഭവനങ്ങളിൽ വേദപുസ്തക വായനയ്ക്ക് ശേഷം മാത്രമേ അത്താഴം വിളമ്പുകയുണ്ടായിരുന്നുള്ളു. അത്രയ്ക്കും കർശനമായിരുന്നു ഭവനങ്ങളിൽ ദൈവവചന വായനയും കുടുംബ പ്രാർത്ഥനയും. ഇന്ന് അതൊക്കെ മാറി. കുട്ടികളും വലിയവർ പോലും ഇന്ന് ദൈവവചനവായനയെ ഗൗരവമായി എടുക്കുന്നില്ല. ആയതിനാൽ നമ്മുടെ ഭവനങ്ങളിൽ കുഞ്ഞുങ്ങളെ ദൈവവചനം പഠിപ്പിക്കാൻ ബോധപൂർവ്വമായ ഒരു പരിശ്രമം ആവശ്യമായിരിക്കുന്നു.

ദൈവവചനകേൾവി രൂപാന്തരപ്പെടുത്തിയവരെ സഭകളിൽ കാണാനില്ലാതെ വരുന്നു. നമ്മെ കീറിമുറിക്കുന്ന വചനത്തിന്റെ കേൾവി നമ്മുടെ സഭകളിൽ ഉണ്ടാകേണ്ടത് അനിവാര്യമാണ്. അതിന് ബോധപൂർവ്വമായ ഒരു പരിശ്രമം സഭകളിലും കുടുംബങ്ങളിലും ഉണ്ടാവണം. സഭകളിൽ ഇനി രൂപാന്തരത്തിന്റെ വചനം മുഴങ്ങിക്കേൾക്കട്ടെ... തിരുവചനം ഘോഷിക്കുക; അനുകൂലസമയത്തും പ്രതികൂലസമയത്തും അതിന് സന്നദ്ധരായിരിക്കുക. വളരെ ക്ഷമയോടെ ഉപദേശിച്ചുകൊണ്ട് തെറ്റുകൾ ചൂണ്ടിക്കാണിക്കുക, ശാസിക്കുക, പ്രോത്സാഹിപ്പിക്കുക (2തിമൊഥെയോസ്4:2) ഇപ്രകാരമുള്ള ആത്മീയശുശ്രൂഷകൾ നമ്മുടെ സഭകളിൽ ഉണ്ടാകേണ്ടത് അനിവാര്യമാണ്. •



ചോദിക്കുന്നു. യേശു സർവജ്ഞനാണ്. ലാസറിനെ എവിടെയാണ് വച്ചതെന്ന് യേശുവിനു അറിയാമായിരുന്നു. ദൈവം ഇതുപോലെ പല ചോദ്യങ്ങളും തന്റെ ഭക്തരോട് ചോദിക്കാറുണ്ട്. ആദമേ, നീ എവിടെ എന്നു ദൈവം ചോദിച്ചു. ഉത്തരം ദൈവത്തിനു അറിയാമായിരുന്നു. നമുക്കു സഹായം ആവശ്യമാണ് എന്നു നമുക്കു ബോദ്ധ്യപ്പെടുവാൻ വേണ്ടിയാണ് ദൈവം ഈ ചോദ്യങ്ങൾ ചോദിക്കുന്നത്. ഈ ചോദ്യങ്ങളുടെ ഉത്തരം നമുക്കറിയാമെന്നു ഉറപ്പു വരുത്തേണ്ടതും ദൈവത്തിന്റെ ആവശ്യമാണ്.

മോശെയോട് നിന്റെ കയ്യിൽ ഇരിക്കുന്നത് എന്താണ് എന്നു ദൈവം ചോദിച്ചു. മോശെ വിശ്വാസത്തിന്റെ പോരാട്ടത്തിൽ ആയിരുന്നു. വേല ചെയ്യാനുള്ള വിശ്വാസം മോശെയ്ക്ക് ഉണ്ടോ എന്ന് ഉറപ്പു വരുത്തേണ്ട ചുമതല ദൈവത്തിനുണ്ടായിരുന്നു. ദൈവത്തിനു സകല ഉത്തരവും അറിയാമെങ്കിലും നമുക്കും ആ ഉത്തരങ്ങൾ അറിയാമെന്നു ഉറപ്പു വരുത്തുവാൻ വേണ്ടി ദൈവം ചില ചോദ്യങ്ങൾ നമ്മോട് ചോദിക്കുന്നു. ചില നിർദ്ദേശങ്ങൾ നമുക്കു നൽകുന്നു.

അവിശ്വാസത്തിന്റെ കാർമേഘങ്ങൾ നമ്മുടെ ജീവിതത്തിൽ നിന്നു ദൂരീകരിക്കേണ്ടതുണ്ട്. പരിശുദ്ധാത്മാവിന്റെ അഭിഷേകം ലഭിക്കുമ്പോൾ മാത്രമേ ഇതു സാധിക്കുകയുള്ളൂ. പലരുടെയും ജീവിതം ജഡചിന്തകളും ലോകമയത്വവും പൈശാചിക മനോഭാവങ്ങളും കൊണ്ടു നിറഞ്ഞിരിക്കുന്നു. പലരും ജീവിതത്തിൽ കടുത്ത ശൂന്യത അനുഭവിക്കുന്നു. പാപത്തിന്റെ അടിമത്വം മൂലം പലരുടെയും ജീവിതത്തിന്റെ നിയന്ത്രണം നഷ്ടപ്പെടുന്നു. അവിശ്വാസത്താൽ ആത്മീയതയ്ക്കു ശക്തിക്ഷയം സംഭവിക്കുന്നു. ശക്തിയേറിയ വിശ്വാസം സഭയയ്ക്കും വിശ്വാസികൾക്കും അനിവാര്യമായിരിക്കുന്നു.

സ്നേഹത്തിന്റെ നിറവ് പ്രാപിക്കുവാനുള്ള വിശ്വാസം സ്വയം ക്രൂശീകരിക്കുന്നതിലൂടെ മാത്രമേ സാധ്യമാവൂ. അങ്ങനെ മാത്രമേ അനിന്ദ്യമായ വിശുദ്ധി നമ്മിൽ സ്ഥാപിതമാകുകയുള്ളൂ. യേശുവിനു നമ്മുടെ വിശ്വാസം വർദ്ധിപ്പിക്കുവാൻ സാധിക്കും. നമ്മുടെ ജീവിതം സമ്പൂർണ്ണമാക്കുവാൻ നാം ദൈവത്തെ അനുവദിക്കുമെങ്കിൽ അത് എത്രയോ അനുഗ്രഹിക്കപ്പെട്ടതായിരിക്കും. നമ്മുടെ ജീവിതത്തിലെ കുറവുകളെ ചൂണ്ടിക്കാണിക്കുവാൻ പരിശുദ്ധാത്മാവിനെ അനുവദിക്കുക. ചീഞ്ഞളിഞ്ഞ നമ്മുടെ ആളത്വം വീണ്ടെടുത്ത് പുതുജീവൻ നൽകുവാൻ യേശുകർത്താവ് ഒരുക്കമാണ്. നമ്മുടെ ജീവിതത്തെ മൂടിയിരിക്കുന്ന കല്ല് ഉരുട്ടി നീക്കുവാൻ കർത്താവ് മതിയായവനാണ്. പൗലോസിനെപ്പോലെ ആത്മനിറവുള്ള വിശുദ്ധജീവിതം നമുക്ക് സമ്മാനിച്ച് യേശുകർത്താവ് നമ്മെ വിശ്വാസത്തിൽ സമ്പന്നരും തികഞ്ഞവരുമാക്കും നിശ്ചയം! •



## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

# വിവാഹമോചനം നിയമാനുസൃതമോ?

*പരീശന്മാർ അവന്റെ അടുക്കൽ വന്ന്: ഏതു കാരണം ചൊല്ലിയും ഭാര്യയെ ഉപേക്ഷിക്കുന്നതു വിഹിതമോ എന്ന് അവനെ പരീക്ഷിച്ചു ചോദിച്ചു. അതിന് അവൻ: സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും, അതു നിമിത്തം മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായിത്തീരും എന്ന് അരുളിച്ചെയ്തു എന്നും നിങ്ങൾ വായിച്ചിട്ടില്ലയോ? അതുകൊണ്ട് അവർ മേലാൽ രണ്ടല്ല, ഒരു ദേഹമത്രേ; ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത് എന്ന് ഉത്തരം പറഞ്ഞു. അവർ അവനോട്: എന്നാൽ ഉപേക്ഷണപത്രം കൊടുത്തിട്ട് അവളെ ഉപേക്ഷിപ്പാൻ മോശെ കല്പിച്ചത് എന്ത് എന്നു ചോദിച്ചു.അവൻ അവരോട്: നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തമത്രേ ഭാര്യമാരെ ഉപേക്ഷിപ്പാൻ മോശെ അനുവദിച്ചത്; ആദിയിൽ അങ്ങനെയല്ലായിരുന്നു. ഞാനോ നിങ്ങളോടു പറയുന്നത്: പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിച്ചു മറ്റൊരുത്തിയെ വിവാഹം കഴിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു; ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു. ശിഷ്യന്മാർ അവനോട്: സ്ത്രീയെ സംബന്ധിച്ചു മനുഷ്യന്റെ അവസ്ഥ ഇങ്ങനെ എങ്കിൽ വിവാഹം കഴിക്കുന്നതു നന്നല്ല എന്നു പറഞ്ഞു. അവൻ അവരോട്: വരം ലഭിച്ചവർ അല്ലാതെ എല്ലാവരും ഈ വചനം ഗ്രഹിക്കുന്നില്ല... ഗ്രഹിപ്പാൻ കഴിയുന്നവൻ ഗ്രഹിക്കട്ടെ എന്നു പറഞ്ഞു (മത്തായി 19 : 3 - 12)*

**പാ**പിയായിത്തീർന്ന മനുഷ്യന് പ്രശ്നരഹിതമായ ജീവിതം സാധ്യമല്ലാതായിത്തീർന്നു. അതുകൊണ്ട് കുടുംബത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നതു സ്വാഭാവികമാണ്. അന്യോന്യം മനസ്സിലാക്കുന്നതിനുള്ള പരിമിതികളും, മുൻഗണനയിലും അഭിരുചിയിലും ഉള്ള വ്യത്യാസങ്ങളും, സ്വയസ്നേഹവും ശാഠ്യസ്വഭാവവും മുൻവിധികളും, ക്ഷമിക്കുവാനും സഹിക്കുവാനുമുള്ള മനസ്സില്ലായ്മയും ഒക്കെയാണ് പ്രശ്നങ്ങൾക്ക് മുഖാന്തരം. തെറ്റുകൾ സമ്മതിച്ച് ക്ഷമാപണം ചെയ്യുന്നത് അപൂർവ്വം ആയിരിക്കുന്നു. തെറ്റുകൾ സമ്മതിക്കുവാനും ക്ഷമിക്കുവാനും ആ വ്യക്തിയെ ഉൾക്കൊള്ളുവാനും കഴിയുന്ന ഹൃദയവിശാലതയല്ല പ്രത്യുത ആ വ്യക്തിയെ ക്രൂശിക്കുന്ന നിഷ്ക്കരുണ മനോഭാവം ആണ് മിക്കവരിലും ഉള്ളത്. അതത്രെ തെറ്റുകൾ സമ്മതിക്കുവാൻ വിമുഖത ഉളവാക്കുന്നത്. മനുഷ്യഭയം ഒരു കെണിയായിരിക്കുന്നു. അതുകൊണ്ട് സ്വയം ന്യായീകരിക്കുന്ന സ്വഭാവത്തിന് മുൻതൂക്കം ലഭിച്ചിരിക്കുന്നു.

ഭാര്യാഭർത്താക്കന്മാരിൽ ഉണ്ടാവുന്ന പൊരുത്തക്കേടുകളും അഭിപ്രായവ്യത്യാസങ്ങളും മൂർച്ഛിച്ച് വിവാഹമോചനത്തിൽ എത്തിക്കുന്നു എന്നത് സമൂഹത്തിന് ശാപമായിക്കൊണ്ടിരിക്കുന്ന വസ്തുതയാണ്. കുടുംബങ്ങൾക്ക് കെട്ടുറപ്പ് ഉണ്ടായെങ്കിലേ സമൂഹം

സദാചാരബോധത്തിൽ കെട്ടുറപ്പുള്ളതായി കാണപ്പെടുകയുള്ളൂ. അതുകൊണ്ട് ഭാര്യാഭർത്താക്കന്മാർ അന്യോന്യം വിശ്വസ്തത കാത്തു സൂക്ഷിച്ച് വിവാഹത്തിന്റെ മാന്യത സമൂഹത്തിൽ ഉയർത്തിപ്പിടിക്കേണ്ടതാണ്.

വിവാഹമോചനം നിയമാനുസൃതമാണോ എന്നു പരീശന്മാർ ചോദിച്ചത് എക്കാലത്തും ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ്. അവർ ഈ ചോദ്യം കർത്താവിനോട് ചോദിച്ചത് ശരി എന്താണെന്ന് മനസ്സിലാക്കി അത് സ്വീകരിക്കുവാനുള്ള മനസ്സോടെ ആയിരുന്നില്ല. കർത്താവിനെ പരീക്ഷിക്കുവാൻ വേണ്ടി മാത്രമായിരുന്നു അവർ ഈ ചോദ്യം ഉന്നയിച്ചത്. അന്നും ഇന്നും പ്രശ്നപരിഹാരത്തിനുള്ള ഉദ്ദേശ്യശുദ്ധി ഇല്ല എന്നതാണ് വലിയ പ്രശ്നം ആയിരിക്കുന്നത്.

വിവാഹമോചനം അരുത് എന്ന വ്യക്തമായ നിർദ്ദേശമാണ് കർത്താവിന്റെ മറുപടിയിൽ നാം കാണുന്നത്. ഉപേക്ഷണപത്രം കൊടുത്തിട്ട് അവളെ ഉപേക്ഷിക്കാൻ മോശെ കൽപ്പിച്ചത് എന്തുകൊണ്ടെന്ന മറുചോദ്യമാണ് പരീശന്മാർ കർത്താവിനോട് ചോദിച്ചത്. അതിനുള്ള മറുപടിയിൽ കർത്താവ് വ്യക്തമാക്കി: നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തം അത്രേ ഭാര്യമാരെ ഉപേക്ഷിക്കുവാൻ മോശെ അനുവദിച്ചത് മനുഷ്യഹൃദയം കഠിനപ്പെടുന്നു. പ്രശ്നപരിഹാരം അസാധ്യമാകുന്നത് അതുകൊണ്ടാണ്. വിവാഹമോചനങ്ങളിൽ 99 ശതമാനവും ഹൃദയകാഠിന്യം നിമിത്തം സംഭവിക്കുന്നതാണ്.

വിവാഹം ദൈവത്താൽ സ്ഥാപിതമാണ്. ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ തന്നെ പുരുഷനും സ്ത്രീയുമായാണ് അവരെ സൃഷ്ടിച്ചത്. വിവാഹത്തിൽക്കൂടി അവരെ യോജിപ്പിക്കുന്നതും അവരിൽ കൂടിയുള്ള വംശവർദ്ധനവും സൃഷ്ടിയിൽ തന്നെയുള്ള ദൈവീകപദ്ധതിയാണ്. അതുകൊണ്ടു വിവാഹവും ഭാര്യാഭർതൃ ബന്ധവും, വിശുദ്ധവും, അവരിൽ കൂടി ജനിക്കുന്ന മക്കൾ ദൈവം അവർക്ക് നൽകുന്ന അവകാശവും പ്രതിഫലവും ആണ് (സങ്കീർത്തനങ്ങൾ 127: 3)

വിവാഹം ഒരു തമാശയല്ല; അത് ഉത്തരവാദിത്വങ്ങളും കടമകളും നിറഞ്ഞ ഒരു കർമ്മമേഖലയാണ്. വേർതിരിക്കുവാനോ വേർപെടുവാനോ പാടില്ല എന്ന വ്യവസ്ഥയിൽ യോജിപ്പിച്ച ബന്ധം ആണ് വിവാഹം. ആദ്യം മുതലുള്ള ദൈവവ്യവസ്ഥ അങ്ങനെയാണ്, അതിന് മാറ്റം ഒരിക്കലും ഉണ്ടാവുകയില്ല എന്ന് കർത്താവ് വ്യക്തമാക്കിയിരിക്കുന്നു.

വിവാഹത്താൽ യോജിപ്പിക്കപ്പെട്ടിരിക്കുന്ന പുരുഷനും സ്ത്രീയും അവർ ഇനി രണ്ടല്ല, പ്രത്യുത ഒന്നാണ്. അവർ ഒരു ശരീരമായി ത്തീർന്നിരിക്കുന്നു. മരണം അവരെ വേർതിരിക്കുന്നതു വരെ ഒരുമിച്ച് ജീവിച്ച് പ്രവർത്തിക്കുവാൻ അന്യോന്യം പ്രതിബദ്ധത ഉള്ളവരാണ്. അന്യോന്യമുള്ള ഒരുമയാണ് അവരുടെ വിവാഹത്തെ ഐശ്വര്യപൂർണ്ണമാക്കുന്നത്. അന്യോന്യം ഉള്ള കടമകളും ഉത്തരവാദിത്വങ്ങളും നിറവേറ്റുന്നതിൽ ശ്രദ്ധയും ഉത്സാഹവും ഉള്ളവർ ആയിരിക്കണം. തെറ്റുകൾ സമ്മതിക്കുന്നവരും തിരുത്തുന്നവരും ആയിരിക്കണം. ബന്ധം സ്നേഹത്താൽ സമ്പുഷ്ടം ആയിരിക്കണം.

'ദൈവം യോജിപ്പിച്ചതിനെ മനുഷ്യർ വേർപിരിക്കരുത്' എന്നത് കർക്കശമായ ദൈവ കൽപ്പനയാണ്. വിവാഹത്താൽ യോജിപ്പിക്കപ്പെട്ട പുരുഷനും സ്ത്രീയും ഒരു ശരീരമായിത്തീർന്നിരിക്കുന്നു. അതായത് തലയും ശരീരവും ആയുള്ള പൂർണ്ണ വ്യക്തിത്വം. പുരുഷനെ തലയായും സ്ത്രീയെ ശരീരമായും താരതമ്യം ചെയ്തു അപ്പോസ്തലനായ പൗലോസ് നമുക്ക് ഉപദേശം നൽകുന്നുണ്ട് (എഫെസ്യർ 5:22 - 33). തലയും ശരീരവും യോജിച്ചിരിക്കുന്നത് പോലെയുള്ള യോജിപ്പാണ് വിവാഹജീവിത വിജയത്തിന്റെ അടിത്തറ. പരസ്പര വിശ്വാസവും അംഗീകാരവും സഹകരണവും എല്ലാം ഒന്നിച്ച് ചേരുന്ന ബന്ധം. തലയെ ശരീരത്തിൽ നിന്നും വേർപെടുത്തിയാൽ മരണമാകുമല്ലോ പരിണിതഫലം. എന്നതുപോലെ ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധം മുറിഞ്ഞാൽ അത് ഏറ്റവും പരിതാപകരമാണ്. രണ്ടുപേർക്കും ഉണ്ടാകുന്ന മുറിവുകൾ ഏറെ ദോഷകരമാണ്. കുട്ടികൾ ഉണ്ടെങ്കിൽ അവരോട് കാട്ടുന്ന ഏറ്റവും വലിയ ക്രൂരതയാണ്. രണ്ടു വീട്ടുകാർക്കും ബന്ധുമിത്രാദികൾക്കും ദു:ഖകരമായിരിക്കും അത്. അരുത്, വിവാഹമോചനം അരുത്. പ്രശ്നങ്ങൾ പറഞ്ഞു തീർത്ത് യോജിച്ച് പ്രവർത്തിക്കുകയാണ് വേണ്ടത്. ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്. ദൈവം കൽപ്പിച്ചിരിക്കുന്നത് അനുസരിക്കുവാൻ സമർപ്പിതരായിരിക്കുന്നവരോടൊപ്പം ദൈവം ഉണ്ടായിരിക്കും.

വിവാഹാനന്തരം ഇത് ദൈവഹിതത്താൽ നടന്ന വിവാഹമല്ല എന്ന് ചിന്തിക്കുവാൻ പാടില്ല.

ഈ വിവാഹം ദൈവഹിതം അല്ലായിരുന്നു എന്നതിനാൽ ഇവരെ ദൈവം യോജിപ്പിച്ചില്ല എന്ന് പറയുന്ന ഭോഷന്മാരും നമ്മുടെ ഇടയിൽ കാണും. ദൈവം സൃഷ്ടിയിൽ തന്നെ വെച്ചിരിക്കുന്ന വ്യവസ്ഥയാണ് പുരുഷനും സ്ത്രീയും തമ്മിലുള്ള ശാരീരിക ബന്ധം. ഭാര്യാഭർത്താക്കന്മാരായി തീരുവാനുള്ള പരസ്പര ഉടമ്പടി പ്രകാരം മാത്രമാണ് ശാരീരിക ബന്ധം ദൈവം അനുവദിച്ചിട്ടുള്ളത്. അപ്പോൾ അവർ അന്യോന്യം ചേർക്കപ്പെടുന്നത് ദൈവവ്യവസ്ഥ പ്രകാരം ആണ്. ഇതിനെയാണ് ദൈവം യോജിപ്പിച്ചു എന്നതിനാൽ അർത്ഥമാക്കുന്നത്. 'മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ട് ഭാര്യയോട് പറ്റിച്ചേരും, ഇരുവരും ഒരു ദേഹമായി തീരും' എന്നതിന്റെ പൊരുൾ ഇതാണ്. ഇത് സകല ജാതിയിലും ഉള്ള സകലജനത്തിനും ഒരുപോലെ ബാധകമാണ്. ഒരു പുരുഷനും സ്ത്രീയും ബന്ധുമിത്രാദികളുടെയും വീട്ടുകാരുടെയും മാതാപിതാക്കളുടെയും ആശീർവാദത്തോടെ ഭാര്യാഭർത്താക്കന്മാർ ആകുവാൻ ഉടമ്പടി ചെയ്യുന്നതാണ് നിയമപരവും വചനാനുസൃതവുമായ വിവാഹ ശുശ്രൂഷ എന്ന് പറയുന്നത്. അതായത് രാജ്യത്തിന്റെ നിയമപ്രകാരം വിവാഹം രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഇത് സദാചാര നിയമത്തിലും ഉൾപ്പെടുന്നു. അത് മാന്യമായിരിക്കുന്നു.

ഭാര്യയോ ഭർത്താവോ അല്ലാത്ത മറ്റൊരു വ്യക്തിയുടെ കൂടെയുള്ള ലൈംഗിക ബന്ധം നീചവും ഏറ്റവും ദോഷകരമായ അശുദ്ധിയും ആണെന്ന് ദൈവം അരുളിച്ചെയ്തിരിക്കുന്നു. ദുർന്നടപ്പു, പരസംഗം, വ്യഭിചാരം എന്നൊക്കെ ഈ പാപസ്വഭാവത്തെ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. വിവാഹമോചനത്തിന് കർത്താവ് അനുവദിക്കുന്ന ഒരേ ഒരു കാരണം പരസംഗമാണ്. കാരണം ഇത് ജീവിതപങ്കാളിയോടുള്ള ഉടമ്പടിലംഘനവും അവിശ്വസ്തതയും ആണ്.

അവിശ്വസ്തതയിൽ തുടരുന്ന ജീവിതപങ്കാളിയോടൊപ്പം ജീവിക്കുന്നത് ഏറ്റവും ദുഷ്കരമാണ്. അതിനാൽ വിവാഹമോചനം അനുവദിച്ചിരിക്കുന്നു. അപ്രകാരമുള്ള വ്യക്തി (അവിശ്വസ്ഥൻ)പുനർവിവാഹത്തിനും യോഗ്യ നല്ല. തുടർന്ന് വിവാഹം കഴിക്കുന്ന പക്ഷം ദൈവദൃഷ്ടിയിൽ വ്യഭിചാരമാണ്. വിവാഹനിയമം ലംഘിച്ച് ജീവിക്കുന്നവരും വ്യഭിചാരികളായി എണ്ണപ്പെടും. കാരണം വിവാഹം മാന്യവും വിശുദ്ധവും ആയിരിക്കണം എന്ന് ദൈവം കൽപ്പിച്ചിരിക്കുന്നു. പരിശുദ്ധാത്മാവ് ഇപ്രകാരം മുന്നറിയിപ്പ് നൽകുന്നു: വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവും ആയിരിക്കട്ടെ; എന്നാൽ ദുർന്നടപ്പുകാരെയും വ്യഭിചാരികളെയും ദൈവം വിധിക്കും (എബ്രായർ 13:4). അതുകൊണ്ട് വിവാഹിതർ പരസ്പരം വിശ്വസ്തരായിരിക്കുന്നതിൽ ജാഗ്രത ഉള്ളവർ ആയിരിക്കണം. നിങ്ങളുടെ വിവാഹത്തിലൂടെ ദൈവിക പദ്ധതിയും ദൈവഹിതവും നിവർത്തിക്കപ്പെടുകയും ദൈവനാമം മഹത്വപ്പെടുകയും ചെയ്യട്ടെ. •

12

## യേശു തേജസിന്റെ പ്രഭ

പിന്നെയോ ദൈവത്തിന്റെ മാത്രം ആജ്ഞ അനുസരിച്ചാണ്. നമ്മുടെ വീടിനും പറമ്പിനും വസ്തുവകകൾക്കും കാവൽ നിൽക്കുന്നതല്ല അവരുടെ നിയോഗം. നമ്മുടെ രക്ഷ പൂർത്തിയാകുന്നത് വരെ ശുശ്രൂഷിക്കുന്നതിനു വേണ്ടി ആണ്. ഇതിനർത്ഥം ദൂതന്മാരെക്കാളും ഉന്നതമായ നാമത്തിനു നാമും കൂട്ടവകാശികൾ ആണെന്നാണ്.

**യേശുക്രിസ്തുവിന്റെ ദൈവത്വം എന്തുകൊണ്ട് ഒരു വിശ്വാസ സത്യം ആണ്?**

1. യേശു, ദൈവം അല്ലെങ്കിൽ നമ്മെ രക്ഷിച്ചത് ദൈവമല്ല എന്നുവരും. അപ്പോൾ ദൈവം അല്ലാത്ത ഒന്നിനെ നമസ്കരിക്കാനും നന്ദി പറയാനും നാം നിർബന്ധിതരാകും. രക്ഷകൻ എന്ന സംബോധനയും ദൈവത്തിനു മാത്രം ഉള്ളതാണ്

2. യേശു, ദൈവം അല്ലെങ്കിൽ പിന്നെ ആര്? വേറെ ആരായാലും നിത്യൻ, മാറ്റം വരാത്തവൻ (Immutable) എന്ന പദവികൾക്കു യോഗ്യൻ ആണെന്ന് പറയാൻ പറ്റില്ല. അതുകൊണ്ട് യേശു നമുക്ക് തന്ന വാഗ്ദത്തങ്ങൾ ഉറച്ചു വിശ്വസിക്കണമെങ്കിൽ അവിടുന്ന് മാറ്റം വരാത്ത ദൈവം ആണെന്ന് നാം മനസ്സിലാക്കണം. യേശു ദൈവം ആയതുകൊണ്ട് യേശുവിന് ഒരിക്കലും മാറ്റം വരികയില്ല. യേശുവിന്റെ രാജ്യവും, വാഗ്ദത്തങ്ങളും എല്ലാം എന്നും നിലനിൽക്കും. അവിടുന്ന് ഇന്നലെയും ഇന്നും എന്നും അനന്യൻ. അതായത് എന്നന്നേയ്ക്കും നിലനിൽക്കുന്നവൻ തന്നെ! •

കടയിൽ കയറിയാൽ വഴക്കുണ്ടാക്കും; ക്യൂവിൽ നിന്ന് ശബ്ദമുയർത്തി ന്യായവാദം പറയും... പൗലൊസ് പറയുന്നു: "അവരോട് ശാന്തമായിരിക്കാൻ പറ!"(തീത്തോസ് 3:2). "ജന്റിൽ" (Gentle) എന്ന വാക്ക് ശ്രദ്ധേയമാണ്. വിവേകപൂർവം ശാന്തതയോടെ ഇടപെടുന്നതാണ് ഇവിടെ വിവക്ഷ... നാം പലപ്പോഴും ബഹളമുണ്ടാക്കുന്നത് 'വികാര'ത്തിൽ നിന്നാണ്. വിവേകത്തിൽ നിന്നല്ല! വിശ്വാസി "സകലമനുഷ്യരോടും പൂർണസൗമ്യത" കാണിക്കുന്നവനായിരിക്കണം (തീത്തോസ് 3:2)."സകല മനുഷ്യരോടും" എന്നുവച്ചാൽ ചിലരോടല്ല' സകല മനുഷ്യരോടും തന്നെ. "സകല സൗമ്യതയും" എന്നാൽ എല്ലാക്കാര്യങ്ങളിലും സൗമ്യതയോടെ തന്നെ എന്നർത്ഥം.

അനീതിക്കു നേരെ കണ്ണടയ്ക്കണമെന്നാണോ പറയുന്നത് എന്നു ചോദിച്ചേക്കാം. ഒറീസയിലെ സാമൂഹ്യസുവിശേഷകനായ അഡ്വ. സൈറസുമായി ഒരിക്കൽ ഇക്കാര്യം സംസാരിക്കാനിടയായി.. അദ്ദേഹം പറഞ്ഞത് ഇങ്ങനെയാണ്: "എന്നെ ഒരാൾ ചെകിട്ടത്തടിച്ചാൽ ഞാൻ മറ്റെ ചെകിട് കാണിച്ചു കൊടുക്കും. എന്നാൽ എന്റെ അടുത്തുനിൽക്കുന്ന, അംഗവൈകല്യമുള്ളവന്റെ ചെകിട്ടത്ത് അകാരണമായി ഒരാൾ അടിച്ചാൽ എന്തുചെയ്യണമെന്ന് എനിക്കറിയില്ല". സത്യം പറഞ്ഞാൽ എനിക്കും അറിയില്ല... എന്നാൽ ഞാൻ അയാളുടെ ചെകിട്ടത്ത് തിരിച്ചടിക്കുന്നതാണ് ഉത്തമം എന്നും ഞാൻ ചിന്തിക്കുന്നില്ല. തീർച്ചയായും ഞാൻ പ്രതികരിച്ചേക്കും... എന്നാൽ ശാന്തതയോടെ! സൗമ്യതയോടെ! വിവേകത്തോടെ ചിലപ്പോഴെങ്കിലും അനീതിയുടെ ലോകത്ത് നാം ദൈവനീതിയുടെ കരങ്ങളിലേക്ക് കാര്യങ്ങൾക്കായി "അപ്പീൽ" കൊടുക്കേണ്ടിവരും!

പാപത്തോടു കൃത്യമായ അസഹിഷ്ണുത അത്യാവശ്യം. എന്നാൽ ആ അസഹിഷ്ണുത ഒരിക്കലും പാപിയോടുണ്ടാകാൻ പാടില്ല! ഓർക്കുക, നാമാരും മാനത്തുനിന്നു പൊട്ടിവീണതല്ല! യേശുവിനെ മാറോടണയ്ക്കുന്ന വിശ്വാസി, യേശു മാറോടണച്ച പാപിയെ എന്തുകൊണ്ട് മാറോടണയ്ക്കുന്നില്ല? 'സാഹിത്യവാരഫലം' എഴുതിയിരുന്ന എം. കൃഷ്ണൻനായർ അദ്ദേഹത്തിന്റെ ഒരനുഭവം വിവരിച്ചത് ഇങ്ങനെ: "ഞാൻ തിരുവനന്തപുരത്ത് ചാലയിലൂടെ നടന്നുപോകുമ്പോൾ തെരുവിലൊരു ഉപദേശി സുവിശേഷ പ്രസംഗം നടത്തുകയാണ്. എന്താണിദ്ദേഹം പ്രസംഗിക്കുന്നതെന്ന് കേൾക്കാനുള്ള ആഗ്രഹത്തിൽ ഞാൻ അദ്ദേഹത്തിന്റെ ശ്രോതാക്കളിലൊരാളാകാൻ പരിശ്രമിച്ചു. അപ്പോൾ എന്റെ നേരെ കൈവിരൽ ചൂണ്ടി അദ്ദേഹം ഒരു അലർച്ച! "എടാ പാപീ..." അതു കേട്ടതും ഞാൻ എന്റെ ജീവനുംകൊണ്ട് ഓടിപ്പോന്നു".

ഉപദേശി പറഞ്ഞതും വിളിച്ചതും തെറ്റൊന്നുമല്ല. ആരായാലും ദൈവസന്നിധിയിൽ പാപികൾ തന്നെ. എന്നാൽ ഈ പ്രസംഗിക്കുന്ന ഉപദേശിയും എഴുതുന്ന ഞാനും വായിക്കുന്ന നിങ്ങളുമെല്ലാം ദൈവസന്നിധിയിൽ പാപികൾ തന്നെ ആയിരു ന്നില്ലേ? പൗലൊസ് പറയുന്നു: നാമും ബുദ്ധി കെട്ടവർ ആയിരുന്നു (തീത്തോസ് 3:3). ശരിയല്ലേ? യേശുവിനെ അറിയാതിരുന്നപ്പോൾ ആത്മികമായി നാം ബുദ്ധിഹീനരായിരുന്നു. ചിലർ പറയുന്നതു കേട്ടിട്ടുണ്ട്: "ഞാൻ ഇത്ര വ്യക്തമായി സുവിശേഷം പറഞ്ഞിട്ടും ഇവനെന്താ മനസിലാ കാത്തത്? ഈ വിഗ്രഹങ്ങളുടെ മുമ്പിൽ പോയി കുമ്പിടാൻ ഇവന്റെ തലയ്ക്കകത്തെന്താ കളിമണ്ണാണോ? ഇവനു ബുദ്ധിയില്ലേ?".

ഞാൻ ചോദിച്ചോട്ടേ... "നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ ദയയും മനുഷ്യരോടുള്ള അവന്റെ പ്രീതിയും" (തീത്തോസ് 3:4) നമ്മുടെമേൽ ഉദിക്കുന്നതിനു മുമ്പ് ഇപ്പറയുന്ന ബുദ്ധി നമുക്കുണ്ടായിരുന്നോ? പ്രിയമുള്ളവരെ, ദൈവം നമ്മുടെ ആത്മിക കണ്ണുകളെ തുറന്നത് തന്റെ കൃപ! അതിനു മുമ്പ് നാമെല്ലാം ആത്മികമായി "ബുദ്ധൂസുകൾ" ആയിരുന്നില്ലയോ?

നാം നേരത്തെ അനുസരണം കെട്ടവരായിരുന്നു...ഞാൻ പലവട്ടം അവനോട് ദൈവാലോചന പറഞ്ഞതാ... അവൻ അനുസരിച്ചില്ല... അവൻ അനുഭവിക്കും. എന്നൊക്കെ ചില ശുശ്രൂഷകർ പോലും പറയാറുണ്ട്. പ്രിയമുള്ളവരേ, കല്പനകളെല്ലാം അനുസരിച്ചു നടന്നപ്പോഴാണോ, ദൈവം നമ്മെ വിളിച്ചു വേർതിരിച്ചത്? ഒരിക്കലുമല്ല... നാം അഭക്തരായിരിക്കുമ്പോൾ തന്നെ!

നാമും വഴിതെറ്റി നടന്നവരായിരുന്നു. ഒരു വിശ്വാസിയോട്; 'മകനെവിടെ' എന്നു ചോദിച്ചപ്പോൾ പിതാവ് പറഞ്ഞു: "അവനെ പിശാച്

കൊണ്ടുനടക്കുകയാ!''. പിതാവിന്റെ വേദന എനിക്കറിയാം. എന്നാൽ ഞാനോർത്തു, കർത്താവേ ഞാൻ നിന്റെ കരം പിടിക്കും മുമ്പ് എന്നെയും പിശാച് കൊണ്ടുനടക്കുകയായിരുന്നില്ലേ!! പുതിയതലമുറ ഭോഗങ്ങൾക്കും മോഹങ്ങൾക്കും അധീനരാണെന്നു നാം പരാതി പറയുമ്പോൾ ഓർക്കുക, അജ്ഞതയുടെ കാലത്ത് നാം അവരെക്കാൾ മോശക്കാരായിരുന്നു... ഈർഷ്യയിലും അസൂയയിലും കാലം കഴിച്ചിരുന്നവർ... എല്ലാറ്റിനോടും വെറുപ്പ് സൂക്ഷിച്ചവർ! എല്ലാവരെയും പകച്ചവർ... ഇതായിരുന്നു നാം... എല്ലാറ്റിനെയും വ്യത്യാസപ്പെടുത്തിയത് ഒരേ ഒരുകാര്യം! ദൈവത്തിന്റെ ദയ, ദൈവത്തിന്റെ പ്രീതി!

ഞാൻ രക്ഷപെട്ടതല്ല; യേശു എന്നെ രക്ഷിച്ചതാണ്! ഞാൻ രൂപാന്തരപ്പെട്ടതല്ല; യേശു എന്നെ രൂപാന്തരപ്പെടുത്തിയതാണ്! എനിക്കു സ്വയം രക്ഷിക്കാനോ സ്വയം രൂപാന്തരപ്പെടുവാനോ കഴിയുമായിരുന്നില്ല! യേശു എന്റെ നീതിപ്രവൃത്തികൾ നിമിത്തമല്ല, തന്റെ മഹാകരുണപ്രകാരം എന്നെ രക്ഷിക്കുകയും എന്നെ രൂപാന്തരപ്പെടുത്തുകയും ചെയ്തു. ഇന്നും **പാപത്തിൽ കഴിയുന്നവരെ കാണുമ്പോൾ എനിക്ക് അറപ്പോ വെറുപ്പോ ഒന്നുമല്ല തോന്നുന്നത്... സങ്കടം, സഹാനുഭൂതി, സ്നേഹം! കാരണം അവരിലൊരാളായിരുന്നു ഞാനും...**

എന്നാൽ എനിക്കു പ്രത്യാശയുണ്ട്: ഈ പാപികളിലൊരുവനോ, അവരിലും അധമനോ ആയിരുന്ന എന്നെ കഴുകിയെടുത്ത് രൂപാന്തരപ്പെടുത്തി നിത്യജീവന്റെ അവകാശിയാക്കുവാനും, എന്നെ നീതീകരിച്ച ദൈവകൃപയ്ക്കും, എന്നെ പുനർജനിപ്പിച്ച ദൈവസ്നേഹത്തിനും, എന്നെ നവീകരിച്ച പരിശുദ്ധാത്മാവിനും കഴിഞ്ഞുവെങ്കിൽ പാപത്തിന്റെ കുഴഞ്ഞ ചേറ്റിൽ കിടന്ന എന്റെ പ്രിയ സഹോദരങ്ങളെയും അവിടുന്നു നീതികരിക്കുകയും വീണ്ടുംജനിപ്പിക്കുകയും നവീകരിക്കുകയും ചെയ്യും! പാപത്തോട് ഒത്തുതീർപ്പില്ലാതിരിക്കുമ്പോൾതന്നെ പാപിയോട് സഹാനുഭൂതി കാട്ടിയ ദൈവസ്നേഹത്തെ നാം അറിയുന്നു. "ആ പാപികളിൽ ഞാൻ ഒന്നാമൻ"... ദൈവകരുണ, കരുണ മാത്രം നമ്മുടെ ആശ്രയം! ഇന്നും പാപത്തിൽ കഴിയുന്ന നമ്മുടെ സഹോദരങ്ങളോട് ദൈവസ്നേഹത്തിൽ, സഹാനുഭൂതിയോടെ ക്രിസ്തുവിനു പകരം ഇടപെടുവാൻ നമുക്ക് നമ്മെ സമർപ്പിക്കാം. ■

## മാന്യ വരിക്കാരുടെ ശ്രദ്ധക്ക്

- അഡ്രസ് സ്ളിപ്പിന്റെ ഇടതുവശത്തു മുകൾ ഭാഗത്തു കൊടുത്തിരിക്കുന്ന ID നമ്പർ ഓഫീസുമായി ബന്ധപ്പെടുമ്പോൾ അറിയിക്കേണ്ടതാണ്.
- പലരുടെയും വരിസംഖ്യാകാലാവധി കഴിഞ്ഞിരിക്കുന്നതിനാൽ വരിസംഖ്യ അടയ്ക്കുന്നത് ഈ ശുശ്രൂഷയ്ക്ക് വലിയ സഹായമായിരിക്കും. പേജ് 31 ൽ കൊടുത്തിരിക്കുന്ന QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്. കുടിശിക എത്രയെന്നറിയുവാൻ ഓഫീസുമായി ബന്ധപ്പെടുക.
- വിലാസം അപൂർണ്ണമായതിനാൽ ചില മാസികകൾ മടങ്ങി വന്നിട്ടുണ്ട്. ചിലരുടെ ഫോൺനമ്പർ ഇല്ലാത്തതിനാൽ ബന്ധപ്പെടുവാനും കഴിയുന്നില്ല. മാസിക കിട്ടാത്തവർ ഓഫീസുമായി ബന്ധപ്പെടുക.
- മേൽവിലാസത്തിൽ മാറ്റം വരുന്നപക്ഷം ഐ ഡി നമ്പരും, പുതിയ വിലാസവും ഫോൺനമ്പറും ഓഫീസിൽ അറിയിക്കുക. (Manager: 9495 435 336, Editor: 9495 213 269 E-mail: editornerveedhi@gmail.com)
- കമ്പ്യൂട്ടർ കോപ്പി (PDF) ആവശ്യമുള്ളവർ E-mail ID അയച്ചു തരിക.
- നിങ്ങളുടെ സുഹൃത്തുക്കൾക്കും സഹപ്രവർത്തകർക്കും മാസിക പരിചയപ്പെടുത്തുന്നത് ഈ ശുശ്രൂഷയ്ക്ക് സഹായകരമാണ്.

*എഡിറ്റർ*

# സ്വവർഗ്ഗവിവാഹം സ്വീകാര്യമോ...?

സ്വവർഗ വിവാഹത്തിന് നിയമപരമായ അംഗീകാരം നൽകണമെന്ന ആവശ്യം സുപ്രീംകോടതിയുടെ അഞ്ചംഗ ഭരണഘടനാബെഞ്ച് വിയോജിപ്പോടെ തള്ളിയ വാർത്ത 18/10/2023 ലെ മലയാള മനോരമ അടക്കം വർത്തമാനപത്രങ്ങൾ വളരെ പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്തിരുന്നു. സ്വവർഗ്ഗ വിവാഹത്തിന് നിയമസാധുത തേടുന്ന 21 ഹർജികളാണ് കോടതി പരിഗണിച്ചത്. സ്വവർഗ ബന്ധത്തിലുള്ളവർക്ക് ഒന്നിച്ച് താമസിക്കാം, എന്നാൽ വിവാഹിതരായി ജീവിക്കുവാൻ കഴിയില്ല എന്നുള്ള സുപ്രീംകോടതി വിധി വളരെ ശ്രദ്ധേയമാണ്. 1954 ലെ സ്പെഷ്യൽ മാര്യേജ് ആക്ടിലെ നാലാം വകുപ്പ് പ്രകാരം 21 വയസ്സ് കഴിഞ്ഞ പുരുഷനും 18 വയസ്സുള്ള സ്ത്രീക്കും വിവാഹിതരാകാം. പുരുഷനും സ്ത്രീയും തമ്മിലുള്ള വിവാഹം എന്നത് ഒഴിവാക്കി രണ്ടു വ്യക്തികൾ തമ്മിലുള്ള വിവാഹം എന്ന ആവശ്യം പരിഗണിക്കണമെന്നാണ് ഹർജിക്കാർ ആവശ്യപ്പെട്ടത്. ഇഷ്ടമുള്ള വ്യക്തിയെ വിവാഹം കഴിക്കാൻ ഇന്ത്യൻ ഭരണഘടന പൗരന്മാർക്ക് അവകാശം നൽകുന്നുണ്ട്. എങ്കിലും ലിംഗപരമായ വിവേചനം പാടില്ല എന്നതായിരുന്നു ഹർജിക്കാരുടെ വാദം.

സ്വവർഗ്ഗ വിവാഹത്തിന് നിയമസാധുത ഇല്ലാത്തതിനാൽ ദമ്പതികൾക്ക് കുട്ടികളെ ദത്തെടുക്കുക, ജോയിന്റ് ബാങ്ക് അക്കൗണ്ട് തുടങ്ങുക, ഇൻഷുറൻസ് പോളിസി എടുക്കുക എന്നിങ്ങനെ പല കാര്യങ്ങളിലും തടസ്സം നേരിടുന്നതായി ഹർജിക്കാർ ചൂണ്ടിക്കാട്ടി. സ്വവർഗ വിവാഹം പാർലമെന്റിന്റെ പരിധിയിൽ വരുന്ന വിഷയം ആണെങ്കിലും സ്വവർഗവാദികൾക്ക് സാമൂഹികവും നിയമപരവുമായ അവകാശങ്ങൾ നിഷേധിക്കരുത് എന്നും ഹർജിക്കാർ വാദിച്ചു.

ഒരേ വർഗ്ഗത്തിൽ ഉള്ളവരുടെ വിവാഹമെന്നത് ഇന്ത്യൻ ആശയം അല്ല എന്ന കേന്ദ്രസർക്കാരിന്റെ വാദം സുപ്രീംകോടതി അംഗീകരിച്ചില്ല. അതിനാൽ ഹർജി പരിഗണിക്കരുതെന്ന് കേന്ദ്ര നിലപാടിനെയും സുപ്രീംകോടതി വിമർശിച്ചു. സ്വവർഗ വിവാഹം ഭരണഘടനാപരമായ അവകാശമല്ലെന്നു വ്യക്തമാക്കിയ കോടതി സ്വവർഗ വിവാഹിതരെ അംഗീകരിക്കണമോ എന്ന് തീരുമാനിക്കേണ്ടത് നിയമനിർമ്മാണത്തിലൂടെ പാർലമെന്റ് ആണെന്ന് വ്യക്തമാക്കി. മാത്രമല്ല സ്വവർഗ വിഭാഗക്കാർക്ക് അവകാശം അനുവദനീയമല്ല എന്നും കോടതി വ്യക്തമാക്കിയിട്ടുണ്ട്.

സ്വവർഗ്ഗ വിവാഹം എന്നത് ഏതെങ്കിലും ഒരു രാജ്യവുമായോ സംസ്കാരവുമായോ ബന്ധിപ്പിക്കാവുന്നതല്ല. കാരണം ഇത് ഒരുതരം ലൈംഗിക വൈകൃതമാണ്. അല്ലാതെ സംസ്കാരത്തിന്റെ ഭാഗമല്ല. മനുഷ്യരെയും മൃഗങ്ങളെയും ലിംഗവത്യാസമുള്ള നിലയിൽ സൃഷ്ടിച്ചത് വംശവർദ്ധനവ് എന്ന മഹത്തായ ലക്ഷ്യപ്രാപ്തിക്കു വേണ്ടിയാണ്. സ്വവർഗ്ഗവിവാഹം സാമാന്യവൽക്കരിക്കപ്പെട്ടാൽ വംശനാശം ആയിരിക്കും ഫലം. അതുമാത്രമല്ല ഗർഭധാരണത്തിനും, ശിശുപരിപാലനത്തിനും ഉതകുന്ന ശരീരം സ്ത്രീയുടേത് മാത്രമാണ്. അവളുടെ മനസും ആ നിലയിലാണ് ദൈവം സൃഷ്ടിച്ചിരിക്കുന്നത്. സ്ത്രീ കാണിക്കുന്ന ക്ഷമയോ, പരിപാലനശേഷിയോ പുരുഷനില്ലെന്നു മാത്രമല്ല അതിനു അവൻ മുതിർന്നാൽ, 'കുഞ്ഞ്' മാനസിക കായിക ആരോഗ്യമില്ലാത്ത നിലയിലായിരിക്കും വളരുക. ഇത് കുഞ്ഞുങ്ങളുടെ മരണത്തിനു പോലും വഴി തെളിച്ചേക്കും. സ്വവർഗ്ഗവാദികൾ ദത്തെടുത്തു മക്കളെ വളർത്തിയാൽ അവരുടെ മനോനില സമൂഹത്തിനു ഭീഷണിയാകും എന്നതിന് ഒരു സംശയവുമില്ല.

ഒരു നാണയത്തിന്റെ രണ്ടു വശങ്ങളെന്ന പോലെ മനുഷ്യവംശത്തിന്റെ നിലനില്പിനുള്ള അനിവാര്യഘടകങ്ങളാണ് പുരുഷനും സ്ത്രീയും. മൃഗത്തിന് പോലുമില്ലാത്ത ഒരു തൃഷ്ണയാണ് സ്വവർഗ്ഗ വാദഗതിക്കാർ ഉന്നയിച്ചിരിക്കുന്നത്. ഭാര്യാഭർത്താക്കന്മാർ ജീവിക്കുന്നത് പോലെയുള്ള ഒരു ദാമ്പത്യ ബന്ധമായിരിക്കില്ല ഇത്തരക്കാരുടേതെന്നു അവരുടെ ജീവിതം പഠിച്ചാൽ ബോധ്യപ്പെടാവുന്നതാണ്.

●

# ആത്മഭാരത്തിന്റെ മർമ്മം

ആത്മഭാരം ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു ക്രിസ്തീയ വിഷയമാണ്. ആത്മഭാരം യഥാർത്ഥത്തിൽ എന്താണ്? അത് എങ്ങനെയാണ് നമ്മിൽ ഉണ്ടാകുക? പ്രശസ്തനായ ഒരു മിഷണറിയുടെ വാക്കുകൾ ഇങ്ങനെ; ഒരു മിഷണറിക്ക് വേണ്ട അടിസ്ഥാനയോഗ്യത ആത്മാക്കളോടുള്ള സ്നേഹം അല്ല, പ്രത്യുത യേശുക്രിസ്തുവിനോടുള്ള സ്നേഹമാണ്. അതെ, യേശുവിനോടുള്ള സ്നേഹത്തിൽ നിന്നേ ആത്മാക്കളോടുള്ള സ്നേഹം ഉരുത്തിരിഞ്ഞു വരികയുള്ളൂവെന്ന് സാരം.

ന്യായപ്രമാണത്തിലെ ഏറ്റവും വലിയ കൽപ്പന ഏതെന്ന് ശാസ്ത്രിയെ ബോധ്യപ്പെടുത്തി യേശുകർത്താവ് സംസാരിക്കുന്നത് സ്വർഗ്ഗത്തോളം ഉന്നതമാണ്. 'നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കണം എന്നും, കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം' എന്നുമുള്ള മഹാ കൽപ്പനയെ (Great commandment) അനുസരിക്കുന്നവർക്ക് മാത്രമേ മഹാനിയോഗം (Great commission) ഏറ്റെടുക്കുവാൻ കഴിയുകയുള്ളൂ എന്ന് വിവക്ഷ. സകല സൃഷ്ടിയോടും ക്രിസ്തുവിനെ സാക്ഷീകരിക്കുന്ന മഹാനിയോഗത്തിന് മുമ്പുണ്ടാകേണ്ട സ്നേഹമാണ് യഥാർത്ഥ ആത്മഭാരം.

ഒരു വ്യക്തിയോട് ലജ്ജ കൂടാതെ യേശുവിനെക്കുറിച്ച് പറയുവാൻ അയാളോട് നമുക്ക് അകം നിറഞ്ഞ സ്നേഹം കൂടിയേ തീരൂ. ലോകത്തിലെ ഓരോരുത്തരെയും തന്റെ സദൃശ്യത്തിൽ സൃഷ്ടിച്ച ദൈവപുത്രൻ അവരോട് പ്രകടമാക്കിയ സ്നേഹമാണ് നമുക്കും ഉണ്ടാകേണ്ടത്. എല്ലാറ്റിലും ഉപരി സമ്പൂർണ്ണതയുടെ ബന്ധമായ സ്നേഹമാണ് ഉണ്ടാകേണ്ടത് എന്നാണ് ക്രിസ്തുവും അപ്പോസ്തലന്മാരും സുവിശേഷങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും പഠിപ്പിച്ചത്. ഈ ഉൾക്കാഴ്ച നമ്മിൽ ഉണ്ടാകുമ്പോൾ നമ്മുടെ ചുറ്റുമുള്ളവരോടും അകലെയുള്ളവരോടും പണ്ഡിതനോടും പാമരനോടും സംസ്കാരസമ്പന്നനോടും സംസ്കാരശൂന്യനോടും എല്ലാം നമുക്ക് ആത്മഭാരത്തോടെ സുവിശേഷം അറിയിക്കാൻ കഴിയും.

ഈ ദർശനം ഏറ്റെടുത്ത് ലോകത്തെല്ലായിടത്തും എത്തിയ മിഷനറിവീരന്മാരുടെ ചരിത്രമാണ് യഥാർത്ഥത്തിൽ ക്രിസ്തുസഭയുടെ ചരിത്രം! ക്രിസ്തുവിനോടുള്ള സ്നേഹവും മനുഷ്യരോടുള്ള നിർവ്യാജ സ്നേഹവും നമ്മിൽ ഉണ്ടായാൽ ഭൂമുഖത്തുള്ള ലക്ഷോപലക്ഷം പേർ നിത്യതയ്ക്ക് അവകാശികൾ ആയിത്തീരും, സംശയമില്ല.

-എംസി


നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി
നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

Bank Account Details:
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 250 രൂപ

QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്.

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.


RNI No. KERMAL/2012/46138
Date of Publishing 10.11.2023

NERVEEDHI - NOVEMBER 2023
Annual Subscription ₹ 250.00
(Per copy ₹ 25.00)

Postal Registration No. KL/KTM/150/2023-2025


## ആർ.പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ


സന്തുഷ്ട കുടുംബജീവിതത്തിനൊരു മാർഗ്ഗരേഖ








മനുഷ്യജീവിതം പ്രതിസന്ധികളും പ്രശ്നങ്ങളും നിറഞ്ഞതാണ്. എന്നാൽ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ദൈവം മനുഷ്യന് നൽകിയിട്ടുണ്ട്. ജീവിതപ്രശ്നങ്ങളെ ദൈവാശ്രയത്തോടെ ഫലപ്രദമായി നേരിടുന്നത് എങ്ങനെയെന്ന് ദൈവവചനത്തിന്റെയും നിരവധി ജീവിതാനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ ബ്രദർ ജോയ് എം. തോമസ് നിങ്ങളോട് വിശദീകരിക്കുന്നു.




ഉഷസ്സുതോറുമുള്ള വചന ധ്യാനം അകത്തെ മനുഷ്യനു കരുത്തേകും വർഷത്തിലെ ഓരോ ദിനവും ധ്യാനിക്കുവാൻ പണ്ഡിതരായ ദൈവ ദാസന്മാർ ശുപാർശ ചെയ്യുന്ന ഉത്തമ ഗ്രന്ഥം.

Vpa Id:qr.nerveedhi@sib
BHIM UPI
Scan and Pay using any UPI App

എല്ലാ വിലകളും പോസ്റ്റേജ് ഉൾപ്പെടെ...
കൂടുതൽ വിവരങ്ങൾക്ക് :
Mob: 9495435336
8547916678


Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
Mob: 9495435336, 8547916678
www.nerveedhi.com

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam, Kerala -686019. Editor P.V Varghese.